# ദക്ഷിണധ്വനി

Voice of St. Thomas Youth Movement, South Pampady

സൗത്ത് പാമ്പാടി സെന്റ് തോമസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം പുസ്തകം 3 ലക്കം 3 നവംബർ 2009 - ജനുവരി 2010 പെരുന്നാൾ പതിപ്പ് പേജ് 6


## വേദശാസ്ത്രത്തിന്റെ പ്രായോഗികത ആതുര സേവനത്തിൽ: മാത്യൂസ് മാർ സേവേറിയോസ്



മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപനുമായ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മലങ്കരസഭയുടെ ഭരണ തലസ്ഥാനമായ ദേവലോകം അരമനയിൽ വച്ച് 'ദക്ഷിണ ധ്വനി'യോട് മനസ്സ് തുറന്നു.

**പാമ്പാടിയ്ക്കടുത്തുള്ള വാഴൂർ ഗ്രാമത്തിൽ ജനിച്ച മത്തായി എന്ന ബാലനിൽ നിന്ന് സുന്നഹദോസ് സെക്രട്ടറിയായിട്ടുള്ള മാറ്റം അങ്ങ് എപ്രകാരം വീക്ഷിക്കുന്നു?**

ദൈവകൃപ മനുഷ്യനിൽ വ്യാപരിക്കുമ്പോൾ അശക്തനായ മനുഷ്യൻ ശക്തനാകുന്നു. ദൈവ കൃപയുടെ ബഹിർസ്ഫുരണങ്ങളാണ് വൈദിക സ്ഥാനങ്ങൾ. ദൈവിക പദ്ധതിയുടെ ഭാഗമാണ് സുന്നഹദോസ് സെക്രട്ടറി സ്ഥാനവും.

**ശുശ്രൂഷ നടത്തിപ്പിൽ അതീവ താല്പര്യം തോന്നാനുള്ള കാരണം?**

ബാല്യം മുതൽ ദേവാലയ ശുശ്രൂഷകളിൽ അതീവ താല്പര്യം ഉണ്ടായിരുന്നു. ഈ താല്പര്യം ശുശ്രൂഷകളെപ്പറ്റി കൂടുതൽ മനസ്സിലാക്കുവാൻ ഇടവരുത്തി. പ. മാത്യുസ് പ്രഥമൻ ബാവാ, സേവേറിയോസ് തിരുമേനി (കൊച്ചി) എന്നിവരുടെ സ്വാധീനവും ശുശ്രൂഷകളെപ്പറ്റി കൂടുതൽ അറിയുവാൻ എന്നിൽ ഉൾപ്രേരണയുണ്ടാക്കി. ഓർത്തഡോക്സ് ആരാധനയുടെ സൗന്ദര്യം എന്നു പറയുന്നത് യഥാർത്ഥ ജ്ഞാനത്തോടെയുള്ള ആരാധനയാണ്. ആരാധന എല്ലാവരും പൂർണ്ണമായും പഠിച്ച് ഭംഗിയായി അനുഷ്ഠിക്കണമെന്നുള്ളതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

**ഒരു വശത്ത് ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രജ്ഞൻ, മറുവശത്ത് ആതുര സേവകൻ. ഇവ എങ്ങനെ വിലയിരുത്തുന്നു?**

വേദശാസ്ത്രം കലാലയങ്ങളിൽ നിന്ന് പഠിക്കുവാനുള്ളതല്ല. മനുഷ്യന് പ്രയോജനപ്രദമായ പദവിയിലേക്ക് വേദശാസ്ത്രം മാറ്റപ്പെടുമ്പോഴാണ് വേദശാസ്ത്രം പ്രാവർത്തികമാകുന്നത്. വേദശാസ്ത്രം പഠിക്കുന്നത് ആരാധനയിൽക്കൂടി പ്രാവർത്തികമാക്കണം. ദൈവം തന്ന സ്നേഹമാണ് നമ്മൾ സഹജീവികളോട് പ്രകടിപ്പിക്കേണ്ടത്. ഉള്ളത് പങ്കുവെയ്ക്കപ്പെടുമ്പോൾ ആണ് വേദശാസ്ത്രം ജീവകാരുണ്യ പ്രവൃത്തി ആകുന്നത്.

**ആതുര സേവന രംഗത്ത് അങ്ങയുടെ സ്വപ്ന പദ്ധതി?**

മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് ശതാബ്ദി സ്മാരകമായി, നിരാലംബരായ ക്യാൻസർ, എയ്ഡ്സ് രോഗികൾക്കായി ഒരു പാലിയേറ്റീവ് കെയർ സെന്റർ തുടങ്ങണമെന്നുള്ളതാണ് എന്റെ സ്വപ്ന പദ്ധതി.

**സഭാ കേസ്സിൽ കണ്ടനാട് വെസ്റ്റ് ഭദ്രാസനം നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാം?**

കക്ഷിവഴക്കുകളുടെ രൂക്ഷത എപ്പോഴും അനുഭവപ്പെടുന്ന ഒരു ഭദ്രാസനമാണ് കണ്ടനാട് വെസ്റ്റ്. ആന്തരികമായി സുദൃഢമായ ബന്ധം ഉണ്ടെങ്കിലും പാത്രിയർക്കീസ് വിഭാഗത്തിന്റെ ശക്തമായ എതിർപ്പിനെ നേരിടേണ്ടിവരുന്നു.

**കഴിഞ്ഞ തവണ തെരഞ്ഞെടുത്ത മേല്പട്ടക്കാരുടെ പരിശീലന പദ്ധതിയിലെ പ്രധാന പരിശീലകനായിരുന്നു അങ്ങ്. ആ പദ്ധതിയെ എപ്രകാരം വീക്ഷിക്കുന്നു?**

മേൽപ്പട്ടക്കാർക്കുള്ള പരിശീലനം വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. കാലതാമസ്സം നേരിട്ടെങ്കിലും, പരിശീലനം നൽകിയത് പ്രയോജനപ്രദമായിട്ടുണ്ട്. ലോകം മാറുന്നതനുസരിച്ച് സഭയും വളരണം. ലോകത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ പര്യാപ്തരായവരായിരിക്കണം മേല്പട്ടസ്ഥാനികൾ. ഈ ലക്ഷ്യത്തോടെയുള്ള പരിശീലനമാണ് ഈ പദ്ധതിയിലൂടെ നൽകുന്നത്.

**സഭാസമാധാനത്തിനുള്ള ശ്രമങ്ങളെ എപ്രകാരം നോക്കികാണുന്നു?**

സഭാ കേസിന്റെ ആരംഭം മുതൽ സമാധാനത്തിനുള്ള ശ്രമങ്ങളും നടന്നിട്ടുണ്ട്. പക്ഷേ, കാര്യപ്രസക്തമായ സമാധാന ശ്രമങ്ങൾ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. 1958-ലെ യോജിപ്പു പോലും ഭാഗികമായിരുന്നു. പൂർണ്ണമായ സമാധാനത്തിനുവേണ്ടി മലങ്കര സഭ പ്രാർത്ഥനയോടെ കാത്തിരിക്കുന്നു.

**ബ്രഹ്മവാർ കേന്ദ്രമാക്കി ഒരു ഭദ്രാസനം എന്ന ആശയം ഉയരുന്നു. സുന്നഹദോസ് സെക്രട്ടറി എന്ന നിലയിൽ സഭയുടെ നിലപാടു വ്യക്തമാക്കാമോ?**

ബ്രഹ്മവാർ കേന്ദ്രമാക്കി ഒരു ഭദ്രാസനം രൂപീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു. സുന്നഹദോസ് ഇത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള തീരുമാനം ഉടൻ ഫലപ്രാപ്തിയിൽ എത്തുന്നതാണ്.

**യുവാക്കളോടുള്ള സന്ദേശം?**

ദൈവസ്നേഹത്തിലധിഷ്ഠിതമായ സഭാസ്നേഹമാണ് യുവാക്കളിൽ നിന്ന് സഭ പ്രതീക്ഷിക്കുന്നത്. ആലംബഹീനരേയും അശരണരെയും സഹായിക്കുവാൻ സ്വന്തം കഴിവുകളെ ഉപയോഗിക്കുന്നവരാകണം ഈ തലമുറയിലെ യുവജനങ്ങൾ.

**അങ്ങയുടെ എല്ലാ പ്രസ്ഥാനങ്ങളും ആരംഭിക്കുന്നത് 'പ്ര'യിലാണ്. എന്താണിതിനു കാരണം? അങ്ങയുടെ പ്രസ്ഥാനങ്ങളെപ്പറ്റി ഒന്നു വിശദീകരിക്കാമോ?**

'പ്ര' എന്ന വാക്കിന്റെ അർത്ഥം 'നല്ലത്' എന്നാണ്. അതാണ് എല്ലാ പ്രസ്ഥാനങ്ങളും 'പ്ര' യിൽ ആരംഭിക്കാൻ കാരണം. നിരാംലബരും ശാരീരിക മാനസിക വൈകല്യമുള്ളവരുടെയും ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് അതുര സേവന രംഗത്ത് കണ്ടനാട് വെസ്റ്റ് ഭദ്രാസനം പ്രധാനമായും എട്ട് പ്രോജക്ടുകളിലാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

(1) മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി. (2) പ്രതിഭ ചാരിറ്റബിൾ ട്രസ്റ്റ്, (3) മദർ ഹന്ന ചാരിറ്റബിൾ സൊസൈറ്റി. (4)

(ശേഷം രണ്ടാം പേജിൽ)

## കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം

തിരുവല്ല: മലങ്കരസഭയുടെ വേരുകൾ ഒരിക്കലും അറ്റുപോകില്ലെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്. കാതോലിക്കേറ്റ് സ്ഥാപനത്തിൻെറ ശതാബ്ദി ആഘോഷങ്ങളുടെ ലോഗോ പ്രകാശനത്തോടനുബന്ധിച്ചു നിരണം വലിയ പള്ളിയിൽ നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ലോഗോയുടെ പ്രകാശനം ആഘോഷ സമിതി ചെയർമാൻ തോമസ് മാർ അത്താനാസിയോസിന് നല്കി ശ്രേഷ്ഠ നിയുക്ത കാതോലിക്കാ നിർവ്വഹിച്ചു.

ജസ്റ്റീസ് ബഞ്ചമിൻ കോശി മുഖ്യപ്രഭാഷണം നടത്തി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ജനറൽ കൺവീനർ ഫാ. കുര്യൻ ഡാനിയേൽ, ജോസ് കുര്യൻ, ഫാ. വർഗീസ് ജോർജ് എന്നിവർ പ്രസംഗിച്ചു.

ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് 20-12-09 ഞായറാഴ്ച രാവിലെ 7.30 ന് മെത്രാപ്പോലീത്താമാരും വൈദികരും ഉൾപ്പെടെ അംശവസ്ത്രം ധരിച്ച 101 പേരുടെ കാർമികത്വത്തിൽ വിശുദ്ധ കുർബാന നടന്നു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.

## ദിവ്യബോധനം രജത ജൂബിലി സംഗമം

പരുമല: മലങ്കര ഓർത്തഡോക്സ് സഭാ ദിവ്യബോധനം പഠന പദ്ധതി രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2009 ഒക്ടോബർ 24 ന് പരുമല സെമിനാരിയിൽ രജത ജൂബിലി സംഗമം നടന്നു.

സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ജീവന്റെ വിലയേക്കാൾ പ്രാധാന്യം ജീവിക്കുന്നതിലാണ്. സഭാ വിശ്വാസികളെ സത്യാരാധനയിലൂടെ നയിച്ചതിൽ മുഖ്യപങ്കു വഹിച്ചതു ദിവ്യബോധനം പഠന പദ്ധതിയാണെന്നു കാതോലിക്കാബാവാ പറഞ്ഞു. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. ദിവ്യബോധനം പ്രസ്ഥാനം ലോകത്തെ സമാധാനത്തിലേക്കു നയിച്ചതായി മെത്രാപ്പോലീത്ത പറഞ്ഞു. പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഫാ. സി. സി. ചെറിയാൻ, ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഫാ. ഡോ. കെ. എം. ജോർജ്, വി. ഐ. ഏബ്രഹാം, ഫാ. ജിജു ജോൺ എന്നിവർ പ്രസംഗിച്ചു.

സഖറിയാ മാർ അന്തോണിയോസ്, തോമസ് മാർ അത്താനാസ്യോസ്, സ്വാമി മുനിനാരായണ പ്രസാദ്, ഫാ. ഡോ. ഒ. തോമസ് പ്രഫ. വർഗീസ് മാത്യു, രോഹിണി വർഗീസ് എന്നിവർ പ്രസംഗിച്ചു.

## മെത്രാൻ തിരഞ്ഞെടുപ്പ്: 14 പേരുടെ ലിസ്റ്റായി

കോട്ടയം: മെത്രാൻ തിരഞ്ഞെടുപ്പിനുള്ള 14 പേരുടെ ലിസ്റ്റ് സ്ക്രീനിംഗ് കമ്മിറ്റി സമർപ്പിച്ചു. ഡോ. നഥനിയേൽ റമ്പാൻ, ഫാ. വി. എം. ജയിംസ്, ഫാ. ഒ. പി. വർഗീസ്, ഗീവർഗീസ് റമ്പാൻ (ദേവലോകം), യൂഹാനോൻ റമ്പാൻ (റാന്നി), ഫാ. ഡോ. ജോൺ മാത്യൂസ് (കോട്ടയം സെമിനാരി), ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ, ഫാ. ഡോ. സാബു കുറിയാക്കോസ്, ഗീവർഗീസ് റമ്പാൻ ഇലവുക്കാട്ട്, ഫാ. കെ. മാത്തുക്കുട്ടി (ചെങ്ങമനാട്), ഫാ. ഡോ. വി. എം. ഏബ്രഹാം (MGOCSM), ഫാ. ഡോ. പി. സി. തോമസ് (USA), ഫാ. സ്കറിയ ഒ. ഐ. സി. (ബഥനി), ഫാ. എം. കെ. കുര്യൻ എന്നിവരാണ് ലിസ്റ്റിലുള്ളത്. 21-നു നടക്കുന്ന മാനേജിംഗ് കമ്മിറ്റി ഈ ലിസ്റ്റ് 11 ആയി കുറയ്ക്കും. ഫെബ്രുവരി 17-ന് ആറാം കാതോലിക്കാ പ. മാത്യൂസ് ദ്വിതീയൻ ബാവാ കബറടങ്ങിയിരിക്കുന്ന ശാസ്താംകോട്ടയിലാണ് തിരഞ്ഞെടുപ്പ്.

## സ്വാഗതമേ ശോഭിതനാബൂൻ മാർ പോളിക്കാർപ്പോസ്....



സുവർണ്ണ ജൂബിലിയിലേക്ക് കടക്കുന്ന സൗത്ത് പാമ്പാടി സെന്റ് തോമസ് യുവജനപ്രസ്ഥാനത്തിന് പുത്തൻ ഊർജ്ജം പകർന്ന് ഇടവക സന്ദർശിക്കുന്ന യുവജനപ്രസ്ഥാനം പ്രസിഡന്റും മലങ്കരസഭയുടെ പാരമ്പര്യത്തിന്റെ പര്യായമായ ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെ അധിപനുമായ അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനിയ്ക്ക് സൗത്ത് പാമ്പാടി സെന്റ് തോമസ് യുവജനപ്രസ്ഥാനത്തിന്റെ ഹൃദയംഗമായ സ്വാഗതം.



## നേട്ടത്തിന്റെ നെറുകയിൽ

സൺഡേസ്കൂൾ സഹപാഠ്യമത്സരത്തിൽ സോണൽ തലത്തിൽ സബ് ജൂനിയർ സംഗീതത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ **സാന്ദ്രാ മറിയം സാജൻ.** ചിറക്കത്തോട്ടത്തിൽ സാജൻ സാമുവേലിന്റെ പുത്രിയാണ്.

**ഇടവകാംഗങ്ങൾക്ക് യുവജന പ്രസ്ഥാനത്തിന്റെ പെരുന്നാൾ ആശംസകൾ**

"യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" (സദൃശ്യവാക്യങ്ങൾ 1:7)

# പത്രാധിപധ്വനി

ദക്ഷിണധ്വനി
പുസ്തകം 3 ലക്കം 3 നവംബർ 2009 – ജനുവരി 2010

## യോഗ്യരായവർ തെരഞ്ഞെടുക്കപ്പെടട്ടെ

മലങ്കരസഭാംഗങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒരു സംഭവമാണ് 2010 ഫെബ്രുവരി 17ന് ശാസ്താംകോട്ടയിൽവച്ച് മേൽപട്ടക്കാരുടെ തിരഞ്ഞെടുപ്പിനായി നടത്തപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ. 27 പേർ നാമനിർദേശം സമർപ്പിച്ചുവെങ്കിലും 14 പേരുടെ പട്ടികയാണ് സഭാ മാനേജിംഗ് കമ്മറ്റിയുടെ മുൻപിൽ എത്തിയിരിക്കുന്നത്. അതിൽനിന്ന് 11 പേരെ ആണ് അസോസിയേഷനിൽ മൽസരരംഗത്ത് അവതരിപ്പിക്കുന്നത്. ഏഴ് മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കുക എന്നതാണ് ലക്ഷ്യം.

മേൽപ്പട്ടക്കാരാകാൻ യോഗ്യതയുള്ളവരെ കണ്ടെത്താൻ നിരവധി മാനദണ്ഡങ്ങൾ സ്ക്രീനിംഗ് കമ്മിറ്റി ഉപയോഗിച്ചു. വിദ്യാഭ്യാസയോഗ്യത, പ്രായം, സ്വഭാവസർട്ടിഫിക്കറ്റുകൾ, ആരോഗ്യപരിശോധന, മാനസികാരോഗ്യപരിശോധന തുടങ്ങിയവയൊക്കെ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ഇവ മാത്രമാണോ മാനദണ്ഡങ്ങൾ ആകേണ്ടത്? വോട്ട് ചെയ്യുന്ന ഓരോ അസോസിയേഷൻ അംഗത്തിനും, തങ്ങൾ വോട്ടു ചെയ്യുന്നതു മുഖേന തിരഞ്ഞെടുക്കപ്പെടുന്നവർക്ക് എന്തൊക്കെ യോഗ്യതകൾ ആവശ്യമാണെന്ന് തീരുമാനിക്കുവാനുള്ള അവകാശമുണ്ട്.

ഒരു മേൽപ്പട്ടക്കാരന് അവശ്യം വേണ്ട ഗുണങ്ങളാണ് പ്രാർത്ഥനാജീവിതവും നിർമ്മലമായ സ്വഭാവവും. ഇക്കാര്യത്തിൽ മലങ്കരസഭയുടെ മഹാപരിശുദ്ധന്മാരായ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായും കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും ആകട്ടെ മാർഗ്ഗദീപങ്ങൾ. തങ്ങളെ ഏൽപിക്കുന്ന ഉത്തരവാദിത്തങ്ങളിൽ പൂർണ്ണമായി മുഴുകുന്നവരാകണം തെരഞ്ഞെടുക്കപ്പെടുന്നവർ. വിശ്വാസികളാകുന്ന കാൽചുവട്ടിലെ മണ്ണ് നഷ്ടമാവുമ്പോൾ വിദേശ പര്യടനങ്ങളിൽ മുഴുകുന്നവരെ നമുക്കാവശ്യമുണ്ടോ? “ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാനായിരിക്കുവാൻ തയ്യാറല്ല” എന്ന് സധൈര്യം പറഞ്ഞ അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായെപ്പോലെ സത്യവിശ്വാസം സംരക്ഷിക്കുന്നതിന് സ്വജീവനെ തൃണവൽഗണിച്ച് മുന്നിട്ടിറങ്ങുന്നവരാകണം മേൽപ്പട്ടക്കാർ. ദയറാക്കാരായിരിക്കുമ്പോൾ ലാളിത്യം മുഖമുദ്രയാക്കിയവർ (ആക്കേണ്ടവർ) മേൽപ്പട്ടസ്ഥാനം ലഭിച്ചുകഴിയുമ്പോൾ ആഡംബരത്തിൽ നിമഗ്നരായി പട്ടിണി കിടക്കുന്ന സഭാമക്കളെ മറക്കുന്ന (അവഗണിക്കുന്ന) പ്രവണതയും അവസാനിപ്പിക്കേണ്ടതല്ലേ? മേൽപ്പട്ടക്കാരുടെ സ്വകാര്യട്രസ്റ്റ് സമ്പ്രദായം അവസാനിപ്പിക്കേണ്ട സമയവും അതിക്രമിച്ചില്ലേ?

ഇങ്ങനെ നിരവധി യോഗ്യതകളെ അടിസ്ഥാനമാക്കിയാവണം നമ്മെ നയിക്കുന്ന ആത്മീയ പിതാക്കന്മാർ തെരഞ്ഞെടുക്കപ്പെടേണ്ടത്. ഒരു അസോസിയേഷൻ അംഗത്തിന് ഇവയൊക്കെയും വിലയിരുത്താനുള്ള അവസരം ലഭ്യമാവുന്നുണ്ടോ എന്ന ചോദ്യമുയരാം. സഭാപിതാക്കന്മാരെ തിരഞ്ഞെടുക്കാൻ തങ്ങൾക്ക് ലഭ്യമായിരിക്കുന്ന ഈ അവസരത്തെ ദൈവികനിയോഗമായിട്ട് വേണം ഓരോ അസോസിയേഷൻ അംഗവും മനസിലാക്കാൻ. അതുകൊണ്ടുതന്നെ ഈ ദൗത്യനിർവഹണവും ദൈവിക പദ്ധതിയനുസരിച്ചാവണം. മനമുരുകിയുള്ള പ്രാർത്ഥനയ്ക്ക് ശേഷമാവണം ആർക്കാണ് വോട്ട് രേഖപ്പെടുത്തേണ്ടതെന്ന് നിർണ്ണയിക്കുന്നതും അത് നിർവ്വഹിക്കുന്നതും. നമ്മുടെ ഒരു ചെറിയ പിഴവ് സഭയുടെ മുഴുവൻ നാശത്തിന് കാരണമാവും എന്നും മനസ്സിലാക്കണം.

മേൽപ്പട്ടക്കാർ തിരഞ്ഞെടുക്കപ്പെടുന്നത് സഭയ്ക്കു വേണ്ടിയാണ്. അസോസിയേഷൻ അംഗങ്ങളല്ലാത്ത സാധാരണജനങ്ങൾക്ക് ഈ തിരഞ്ഞെടുപ്പിൽ നേരിട്ട് പങ്കാളിത്തമില്ലെങ്കിലും തങ്ങളെ നയിക്കേണ്ടവർ ഏറ്റവും ഉത്തമരായിരിക്കുവാൻ പ്രാർത്ഥിക്കുവാൻ കഴിയും. ശാസ്താംകോട്ടയിലെ പുണ്യഭൂമിയിൽ നിന്ന് ഏറ്റവും യോഗ്യരായ ഏഴു മേൽപട്ടക്കാർ മലങ്കരസഭയ്ക്ക് ലഭിക്കട്ടെയെന്ന് നമുക്കൊരുമിച്ച് സർവ്വശക്തനോട് പ്രാർത്ഥിക്കാം.

അനുഗ്രഹകരമായ ഒരു യൽദോ പെരുന്നാളു കൂടി കടന്നുപോയി. നാമേവരും പുതുവർഷത്തിലേക്ക് പാദമൂന്നിയിരിക്കുന്നു. നമ്മുടെ ഇടവകയുടെ 98-ാം വാർഷിക പെരുന്നാളിന്റെ സന്തോഷത്തിലേക്ക് നാം പ്രവേശിക്കുന്നു. എല്ലാവർക്കും വാർഷിക പെരുന്നാളിന്റെ മംഗളാശംസകൾ നേരുന്നു

**വിപിൻ കെ. വറുഗീസ**
(സബ് എഡിറ്റർ)

## വര ധ്വനി



സാഹസ് തോപ്പിൽ (ക്ലാസ് 2)





സി. ജെ. സാമുവൽ

**ദക്ഷിണധ്വനി**
**എഡിറ്റോറിയൽ ബോർഡ്**
ചെയർമാൻ & പബ്ലീഷർ
**റവ. ഫാ. മാത്യു വറുഗീസ്**
**ചീഫ് എഡിറ്റർ**
**ബോബി എ. ചാണ്ടി ഐക്കരമറ്റത്തിൽ**
**സബ് എഡിറ്റർമാർ**
അശ്വിൻ കുറിയാക്കോസ് മൂടങ്കല്ലുങ്കൽ,
സാംസൺ കുറിയാക്കോസ് കണ്ണന്താനം.
വിപിൻ കെ. വർഗീസ് കുരയ്ക്കവയലിൽ
കുര്യൻ എബ്രഹാം കുരയ്ക്കവയലിൽ
(മാർക്കറ്റിംഗ് മാനേജർ)
സിബു വറുഗീസ് പച്ചിലക്കാട്ട്
(സർക്കുലേഷൻ മാനേജർ)

## ഇവർ പ്രസ്ഥാനത്തെ നയിക്കുന്നു

പ്രസിഡന്റ്: റവ. ഫാ. മാത്യു വറുഗീസ്
വൈസ് പ്രസിഡന്റ്: സുജിത് പി. കുറിയാക്കോസ് പുളിമൂട്ടിൽ
സെക്രട്ടറി: സാംസൺ കുറിയാക്കോസ് കണ്ണന്താനം
ജോയിന്റ് സെക്രട്ടറി: റ്റിനീഷ് തോമസ്, ഓണാട്ടുകുന്നേൽ
ജോബിൻ മാത്യു ആളോത്ത്
ട്രഷറർ: അശ്വിൻ കുറിയാക്കോസ് മൂടങ്കല്ലുങ്കൽ

## വേദശാസ്ത്രത്തിന്റെ പ്രായോഗികത...

(ഒന്നാം പേജിൽ നിന്നും)

മദർ യോഹന്നാ ചാരിറ്റബിൾ സൊസൈറ്റി. (5) സെന്റ് ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ്. (6) മാർ ബസേലിയോസ് ചിൽഡ്രൻസ് ഹോം. (7) സനിത & സജിത വെൽഫെയർ ട്രസ്റ്റ്. (8) ഡോ. മാത്യൂസ് മാർ സേവേറിയോസ് ചാരിറ്റബിൾ ട്രസ്റ്റ്. Web: www.praisef. com

**നമ്മുടെ പെരുന്നാളുകൾ ആചരണമാണോ ആഘോഷമാണോ? ഏതാണ് ശരി?**

നമ്മുടെ പെരുന്നാളുകൾ ഒരേ സമയം ആചരണവും ആഘോഷവുമാണ്. നമ്മുടെ പെരുന്നാളുകൾ ആഘോഷങ്ങൾക്ക് മാത്രം പ്രാധാന്യം നൽകുമ്പോൾ പെരുന്നാളുകളുടെ ആത്മിക ആചരണം നഷ്ടപ്പെടുന്നു. ഇത്തരുണത്തിലാണ് കോട്ടയം ഭദ്രാസനത്തിൽ ആഘോഷങ്ങൾ ഒഴിവാക്കുവാൻ ഭദ്രാസനാധിപൻ കല്പിച്ചത്.

ശതാബ്ദിയിലേക്ക് പ്രവേശിക്കുന്ന സെന്റ് തോമസ് ഇടവകയ്ക്ക് ആശംസകൾ നേരുന്നു.

## സാന്ത്വനപരിപാലനം (Palliative Care)

**ഡോ. ശോശക്കുട്ടി ജേക്കബ് കുരക്കവയലിൽ**

എന്താണ് സാന്ത്വനപരിപാലനം? നാം ഇന്ന് എവിടേയും കേൾക്കുന്ന ഒരു വാക്കാണ്. ആർക്കാണ് സാന്ത്വനം കൊടുക്കേണ്ടത്? നാം ഇതിനെക്കുറിച്ച് വളരെയധികം അറിയേണ്ടതുണ്ട്, പ്രവർത്തിക്കേണ്ടതുണ്ട്.

മാറാ രോഗത്താലും വാർദ്ധക്യസഹജമായ രോഗത്താലും കിടപ്പിലായ രോഗികൾ കേരളത്തിൽ തന്നെ ഒന്നര ലക്ഷത്തോളം പേർ ഉണ്ടെന്നാണ് കണക്ക്. അതായത് ചികിത്സിച്ചു ഭേദമാക്കാൻ പറ്റാത്ത കാൻസർ, അവസാനഘട്ടത്തിലെത്തിയ ശ്വാസകോശ രോഗികൾ (T.B Patients) ഉൾപ്പെടെയുള്ളവർ, നട്ടെല്ലിന് ക്ഷതമേറ്റ് കിടപ്പിലായവർ, അമിത രക്തസമ്മർദ്ദം മൂലം പക്ഷാഘാതം സംബന്ധിച്ച് കിടപ്പിലായവർ, ഞരമ്പ് (അഥവാ നാഡീ) സംബന്ധമായ രോഗികൾ, അപകടം മൂലം സ്ഥിരമായി കിടപ്പിലായവർ, പ്രായാധിക്യം മൂലം കിടപ്പിലായവർ, കിഡ്നി സംബന്ധ രോഗികൾ, ഇവരെയൊക്കെയാണ് മാറാരോഗികളായി കിടപ്പിലായ രോഗികൾ എന്നു പറയുന്നത്. ഇവർക്ക് ശാരീരിക ബുദ്ധിമുട്ടുകളോടൊപ്പം മാനസിക, സാമ്പത്തിക, പ്രശ്നങ്ങളും കൂടാതെ സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്നു എന്നതും ഇവരുടെ ഒരു വലിയ പ്രശ്നമാണ്. ഇവരെ സ്ഥിരമായി ആശുപത്രികളിൽ കിടത്തി ചികിത്സിക്കുക എന്നതിന് പരിമിതി ഉണ്ട്. ഈ രോഗികളോടൊപ്പം ഇവരെ പരിചരിക്കുന്ന ബന്ധുക്കളും വളരെയധികം ബുദ്ധിമുട്ടുന്നു.

ഇവിടെയാണ് സാന്ത്വന പരിപാലനത്തിന്റെ (Palliative Care) ആവശ്യം. മാറാരോഗികളുടെ പരിപാലനത്തിന് ആധുനിക വൈദ്യശാസ്ത്രം തന്നെ നൽകുന്ന ഒന്നാണ് സാന്ത്വന ചികിത്സ. ഇത്തരം രോഗികളുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാന്ത്വന പരിപാലനത്തിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാർക്കും നഴ്സുമാർക്കും സാധിക്കും. അതോടൊപ്പം തന്നെ ആത്മീയ, മാനസിക, സാമൂഹിക ഇടപെടലുകളിലും രോഗിക്ക് ആശ്വാസം ലഭിക്കുന്നു. അതിനാണ് സാന്ത്വന പരിപാലന കേന്ദ്രങ്ങൾ.

സ്വന്തം വീട്ടിലോ, അയൽപക്കത്തോ ഉള്ള കിടപ്പിലായ രോഗികളുടെ ജീവിതം മെച്ചപ്പെടുത്തുവാൻ നമുക്കു പലർക്കും സാധിക്കും. ഇവിടെയാണ് നമുക്കു പ്രവർത്തിക്കുവാൻ സാധിക്കുന്നത്. നല്ല ശമരിയാക്കാരന്റെ കഥ നമുക്ക് ഇവിടെ സ്മരിക്കാം. രോഗിയായവനെ ശുശ്രൂഷിക്കുന്ന കരങ്ങൾ, ആശ്വാസം പോക്കുന്ന കരങ്ങൾ, മാനസികമായി ധൈര്യം നൽകുന്ന വാക്കുകൾ എന്നിവയിലൂടെ ഇത് നമുക്ക് പ്രാവർത്തികമാക്കാം. നമ്മുടെ എല്ലാ ആത്മീയ സംഘടനകൾക്കും സാന്ത്വന പരിചരണത്തിൽ പങ്കാളികളാകുവാൻ സാധിക്കും. ഇതിന് Neighbour hood net work in paliative Care (N.N.P.C) എന്ന രീതിയിൽ നമ്മുടെ സമീപത്തുള്ള പാലിയേറ്റീവ് കെയർ ക്ലിനിക്കുകളുമായോ ആശുപത്രികളുടെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയായോ പ്രവർത്തിക്കാവുന്നതാണ്. രോഗികൾക്കും ചികിത്സാ സംവിധാനങ്ങൾക്കും ഇടയിലുള്ള ഒരു കണ്ണിയായി നിന്നു പ്രവർത്തിക്കാവുന്നതാണ്. അതോടൊപ്പം തന്നെ രോഗിക്കും കുടുംബത്തിനും ഒരു താങ്ങ് അവരുടെ മാനസിക - സാമൂഹിക ബുദ്ധിമുട്ടുകൾക്ക് ഒരു കൈത്താങ്ങൽ, രോഗിക്ക് ആവശ്യമായ പരിചരണത്തോടൊപ്പം രോഗിക്കും വീട്ടുകാർക്കും ധൈര്യവും ആത്മവിശ്വാസവും പകർന്നു നൽകുക, കൂടാതെ നമ്മളാലാവുന്ന തരത്തിൽ അവർക്ക് മറ്റു ജീവിത സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുക.

❑

## വിജ്ഞാനധ്വനി – 10

### പുറപ്പാട് 31–40

1. ഒഹൊലിയാബിന്റെ പിതാവിന്റെ പേര്?
2. മോശയുടെ കൂടാരത്തിന്റെ പേര്?
3. യിസ്രയേൽ ജനത്തിന്റെ വീടുകളിൽ തീ കത്തിക്കാത്തതെപ്പോഴാണ്?
4. ഹോമയാഗപീഠം ഉണ്ടാക്കിയത് ഏത് തടി ഉപയോഗിച്ച്?
5. വിശുദ്ധ മുടിയുടെ നെറ്റിപ്പട്ടത്തിൽ കൊത്തിയ എഴുത്ത് എന്ത്?
6. പകലും രാവും തിരുനിവാസത്തിന്മേൽ എന്തുണ്ടാകുന്നു?
7. എഫോദിന്റെ ചുമൽകണ്ടങ്ങളിന്മേൽ എന്താണ് വെച്ചത്?
8. വിശുദ്ധ മന്ദിരത്തിന്റെ പണിക്കായി ഉപയോഗിച്ച ആകെ പൊന്നെത്ര?
9. യഹോവയുടെ തേജസ്സ് മോശയെ കാണിക്കേണ്ടതിന് അവനെ എവിടെയാക്കി?
10. ആരുടെ മുഖത്തിന്റെ ത്വക്കാണ് പ്രകാശിച്ചത്?
11. ആദ്യമായി 7 മെത്രാന്മാരെ വാഴിച്ച കാതോലിക്കാ ബാവാ?
12. ‘തർവോദോ’ എന്നാലെന്ത്?
13. ‘ശംശോനീസോ’ എന്നാലെന്ത്?
14. തൃശൂർ ജില്ലാ കളക്ടർ?
15. കാതോലിക്കേറ്റിന്റെ സ്ഥാനചിഹ്നങ്ങൾ ഉണ്ടാക്കിയ കാതോലിക്കാ ബാവാ?

### വിജ്ഞാന ധ്വനി 9. ഉത്തരങ്ങൾ

1. പലിശ വാങ്ങരുത് 22:25
2. സമ്മാനം 23:28
3. പൊൻവളയം 25:12
4. സാക്ഷ്യം 25:16
5. ഉറീമും തുമ്മീമും 28:30
6. സീനായിൽ 24:15–18
7. പൊൻമണി, മാതളപ്പഴം 28:34
8. കാഴ്ചയപ്പം 25:30
9. ഏഴ് 25:37
10. ഉഷഃകാലം വരെ 23:18
11. അനുബന്ധ ഗാനങ്ങൾ
12. പ്രസംഗങ്ങൾ
13. കാരേക്കിൻ II
14. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്
15. സിനിമോൾ പൗലൂസ്

### സമ്മാനാർഹർ

**1. മായ മേരി തോമസ്. 2. മറിയാമ്മ സാമുവൽ, 3. ഗ്രേസിക്കുട്ടി ആൻഡ്രൂസ്.**

**ഉത്തരങ്ങൾ ഫെബ്രുവരി 14-നകം എത്തിക്കുക: ബോബി എ. ചാണ്ടി, ഐക്കരമറ്റത്തിൽ**

ഏറ്റവും കൂടുതൽ ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് നറുക്കിട്ടെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ആകർഷകമായ സമ്മാനം നൽകുന്നു.

❑

“മകനേ അപ്പന്റെ പ്രബോധനം കേൾക്ക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്” (സദൃശ്യവാക്യങ്ങൾ 1:8)

# സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി, സൗത്ത് പാമ്പാടി

# 98 –ാം വാർഷിക പെരുന്നാൾ

## പുതുജീവൻ പ്രാപിക്കുക

### എ. റ്റി. തോമസ് ഐക്കരമറ്റത്തിൽ

ഇതാ ഞാൻ സകലവും പുതുതാക്കുന്നു. (I make all things new) ഈ വചനം സത്യവും വിശ്വാസ യോഗ്യവുമാകുന്നു എന്ന് അവൻ കല്പിച്ചു. പുതിയത് എന്ന വാക്കിന് "മേന്മ" എന്ന അർത്ഥവ്യാപ്തിയുള്ളതിനാൽ ജീവന്റെ പുതുക്കത്തിൽ നടക്കുക എന്നതാണ്. അതായത് "ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയിൽ ജീവിച്ചെഴുന്നേറ്റതുപോലെ അഥവാ ഉയിർത്തെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ" (റോമർ 6:5). പുതുക്കം പ്രാപിച്ച ഒരു മനുഷ്യനിൽ മൂന്നു പ്രത്യേകതകൾ നമുക്ക് ദർശിക്കാൻ സാധിക്കും. (1) കർത്താവിനായി ജീവിക്കുക, (2) കർത്താവിനൊത്തവണ്ണം ജീവിക്കുക, (3) പരിശുദ്ധാത്മാവിൽ ജീവിക്കുക.

"ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ 24:15). കുടുംബ സമേതം ദൈവാരാധന നടത്തേണ്ട ആവശ്യകതയാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. "അവൻ സകലതും പുതുക്കുന്നു." ഈ പുതുക്കം ആരംഭിക്കേണ്ടത് ഭവനങ്ങളിലാണ്.

വേദപുസ്തകത്തിലെ ചില കുടുംബങ്ങളെ കാണുക:

(1) യാക്കോബിന്റെ കുടുംബം. സ്നേഹവും സന്തോഷവും കളിയാടിയിരുന്നു എങ്കിലും ദുഃഖവും പ്രയാസവും അനവധിയായിരുന്നു.

(2) നസ്രേത്തിലെ യൗസേഫിന്റെ ഭവനം. ദൈവപുത്രൻ മനുഷ്യനായി വളർന്ന ഭവനം. ക്ഷമിക്കുന്ന യൗസേഫ്. സകലതും ഹൃദയത്തിൽ സംഗ്രഹിക്കുന്ന മറിയാം. ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ ജ്ഞാനത്തിൽ വളർന്ന യേശു.

(3) ബെഥാന്യയിലെ ഭവനം. യേശു സ്നേഹിച്ച ഭവനം. കൂട്ടായ്മ ആചരിക്കുവാനാഗ്രഹിക്കുന്ന ഭവനം. ഇങ്ങനെ പല ഭവനങ്ങളെ ചൂണ്ടിക്കാണിക്കുവാൻ കഴിയും.

"ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞു പോയി. ഇതാ അതു പുതുതായിതീർന്നിരിക്കുന്നു" (2 കൊരി. 5:17).

ദൈവമായ കർത്താവേ, അങ്ങയെ അറിയുവാനും സ്നേഹിക്കുവാനും എന്നെ അങ്ങയുടെ പ്രതിരൂപമായി മാറ്റുവാനും സഹായിക്കണമെ എന്നു പ്രാർത്ഥിക്കാം

നമ്മുടെ ജീവിതവും ആരാധനയും ആഘോഷങ്ങളും എല്ലാം ഈ രൂപാന്തര പ്രാപ്തിയ്ക്ക് പ്രയോജനപ്പെടുന്നവ ആയിരിക്കണം. ദേവാലയത്തിലെ ആരാധനയിൽ ഏറ്റവും ശുഷ്കാന്തിയോടെ പങ്കെടുക്കണം. പെരുന്നാൾ ആഘോഷങ്ങളിലും മറ്റ് ആരാധനകളിലും സകലവും നന്മയ്ക്കായിതീരത്തക്ക വിധം പങ്കെടുക്കണം.

**ഓർമ്മയിലെ പള്ളിപ്പെരുന്നാൾ**

എന്റെ ബാല്യത്തിലെ നമ്മുടെ പള്ളിയിലെ പെരുന്നാൾ പ്രദക്ഷിണം ഇന്നും എന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞു നില്ക്കുന്നു. ഏറ്റവും മുമ്പിലായി മരക്കുരിശു പിടിച്ചു നില്ക്കുന്നു. അതിനു പിന്നിലായി തീവെട്ടി പന്തങ്ങൾ രണ്ടെണ്ണം, അവയ്ക്കു പിന്നിലായി ഗജവീരന്മാർ, പിന്നീട് ചെണ്ടമേളക്കാർ, അവർക്ക് പിന്നിലായി സണ്ടേസ്കൂൾ കുട്ടികൾ കൊടി പിടിച്ച് രണ്ടു വരികളിലായി, അവർക്കു പിന്നിലായി ബാന്റ്സെറ്റ്, അവർക്കു പിന്നിലായി സ്ത്രീകൾ, പിന്നാലെ പുരുഷന്മാർ മുത്തുക്കുട പിടിച്ച്. ഏറ്റവും പിന്നിലായി വിരിപ്പന്തൽ. ഇങ്ങനെ താളമേളങ്ങളോടെയുള്ള ഒരു പെരുന്നാൾ പ്രദക്ഷിണം. ഇതു കാണുവാൻ കാഴ്ചക്കാരായി റോഡിന് ഇരുപുറവും നാനാജാതിമതസ്ഥർ തിങ്ങിനിറഞ്ഞു നില്ക്കുന്നു. പ്രദക്ഷിണത്തിന്റെ നിയന്ത്രണം സണ്ടേസ്കൂൾ അദ്ധ്യാപകരും യൂത്ത് ലീഗ് പ്രവർത്തകരും ചേർന്നായിരിക്കണം എന്ന തീരുമാനത്തെ മറികടന്ന് അന്നേ ദിവസം മാത്രം പ്രത്യക്ഷപ്പെടാറുള്ള ചില നേതാക്കന്മാരുമുണ്ടായിരുന്നു.

ഇന്നു നടത്തുന്ന പ്രദക്ഷിണത്തിൽ വാദ്യഘോഷങ്ങളോ ഗജകേസരികളുടെ അകമ്പടിയോ ഒന്നുംതന്നെ ഉണ്ടാവില്ല. തികച്ചും ധ്യാനാത്മകമായ രീതിയിൽ തന്നെയാണ് നടത്തുക. ഈ രീതിയോട് സഭാനേതൃത്വത്തിന് താല്പര്യമാണെങ്കിലും ഒരു നല്ല പങ്ക് ജനങ്ങളും പഴയ രീതിയിലുള്ള ആഘോഷ സമന്വിതമായ പ്രദക്ഷിണത്തോടാണ് താല്പര്യം കാണിക്കുന്നത്.

പ്രദക്ഷിണം കഴിഞ്ഞു വന്നാൽ ആശീർവ്വാദം. അതു കഴിഞ്ഞ് ചെറിയ തോതിൽ കരിമരുന്നു പ്രയോഗം നടത്തിയിരുന്നതും അപ്രത്യക്ഷമായി. കൂടാതെ പരിചമുട്ടുകളി, മാർഗ്ഗംകളി തുടങ്ങിയ കലാപരിപാടികൾ ഉണ്ടായിരുന്നതും ഇന്ന് നാമാവശേഷമായി.

പെരുന്നാൾ എന്നു പറയുന്നത് ഇന്നും ഒരു ആഘോഷ ദിവസമായിട്ടാണ് സാമാന്യജനങ്ങൾ കരുതിയിരിക്കുന്നത്. ആഘോഷമല്ല, "ഓർമ്മ കൊണ്ടാടുക"യാണെന്നുള്ള ബോധം കൈവരിക്കാത്ത കാലത്തോളം പഴയ രീതിയെ പിൻപറ്റാനാണ് ജനം താല്പര്യപ്പെടുന്നത്. അതിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

എനിക്കും നിനക്കും വേണ്ടി മാത്രമല്ല, ലോകജനതയുടെ മുഴുവൻ രക്ഷയ്ക്കുവേണ്ടി കുരിശുമരണം വരിച്ച യേശു ക്രിസ്തുവിന്റെ കുരിശിനെയാണ് പ്രതീകമായി പ്രദക്ഷിണത്തിനു മുമ്പിൽ പിടിക്കുന്നത്. പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്ക് ഈ അവബോധം ഉണ്ടാകണം.



## പെരുന്നാൾ പ്രോഗ്രാം

**06–01–2010 ബുധൻ ദനഹാ പെരുന്നാൾ**
7.00 a.m പ്രഭാത നമസ്കാരം
7.30 a.m വി. കുർബാന
9.30 a.m പെരുന്നാൾ കൊടിയേറ്റ്

**10.01.2010 ഞായർ**
7.00 a.m പ്രഭാതനമസ്കാരം
8.00 a.m വി. കുർബ്ബാന
5.30 p.m സന്ധ്യാനമസ്കാരം
6.00 p.m **ആദ്ധ്യാത്മിക സംഘടനകളുടെ സംയുക്ത വാർഷികം**
സന്ദേശം: **ഡോ. എം. ഇ. കുറിയാക്കോസ്** (പ്രിൻസിപ്പാൾ, കെ. ജി. കോളജ് പാമ്പാടി)
അനുമോദനം: **പി. എച്ച്. കുര്യൻ, റോസമ്മ മാത്യു, പി. സി. കുറിയാക്കോസ് എന്നിവർക്ക്.**
സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ, സമ്മാനദാനം.

**11–01–2010 തിങ്കൾ**
6.00 p.m സന്ധ്യാ നമസ്കാരം
6.45 p.m ഗാനശുശ്രൂഷ
7.00 p.m സുവിശേഷ പ്രസംഗം
**റവ. ഫാ. ജോൺ വർഗീസ്, മെഴുവേലി**

**12–01–2010 ചൊവ്വ**
6.00 p.m സന്ധ്യാ നമസ്കാരം
6.45 p.m ഗാന ശുശ്രൂഷ
7.00 p.m സുവിശേഷ പ്രസംഗം
**റവ. ഫാ. വിൽസൺ മാത്യു** (സോഫിയാ സെന്റർ)

**13–01–2010 ബുധൻ**
രാവിലെ 8.30 മുതൽ ആദ്യഫലം ശേഖരിക്കൽ വിവിധ വാർഡുകളിൽ.
വൈകുന്നേരം **മാന്തുരുത്തി കുരിശടിയിൽ**
5.45 p.m സന്ധ്യാ നമസ്കാരം
6.30 p.m സുവിശേഷ പ്രസംഗം
**റവ. ഫാ.തോമസ് കെ. ഏലിയാസ്, കുഴിയേലിൽ** (സെന്റ് ഗ്രീഗോറിയോസ് ചർച്ച്, എറണാകുളം)
7.00 p.m **ആഘോഷസമന്വിതമായ പ്രദക്ഷിണം**
9.00 p.m ധൂപപ്രാർത്ഥന
9.15 p.m ആശീർവ്വാദം
**യൂഹാനോൻ മാർ പോളിക്കാർപ്പോസ് സെമിത്തേരിയിൽ പ്രാർത്ഥന**

**14–01–2010 വ്യാഴം**
7.15 a.m പ്രഭാതനമസ്കാരം
8.15 a.m വി. മൂന്നിന്മേൽ കുർബ്ബാന
**അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളിക്കർപ്പോസ്** തിരുമനസ്സിന്റെ മുഖ്യ കാർമ്മികത്വത്തിൽ
സഹകാർമ്മികർ: **റവ. ഫാ. തോമസ് കെ. ഏലിയാസ്** (സെന്റ് ഗ്രീഗോറിയോസ് ചർച്ച്, എറണാകുളം)
**ഫാ. പി. സി. വർഗീസ് പൊടിമറ്റത്തിൽ** (സെന്റ് മേരീസ് ചർച്ച്, ചേറ്റേടം)
10.30 a.m കൈമുത്ത്, നേർച്ച
10.45 a.m ആദ്യഫല ലേലം.
3.30 p.m പ്രദക്ഷിണം
4.00 p.m ആശീർവ്വാദം, നേർച്ചവിളമ്പ്
5.30 p.m സമാപനം, കൊടിയിറക്ക്




## പെരുന്നാൾ



**ചാക്കോ മാലത്ത്**

രജനീകരൻ തന്റെ ആഭയിൽ തെളിഞ്ഞിടും
രജനീപുഷ്പം പോലെ മോഹനം 'വൻനാളുകൾ'
വേദനയറിയാതെന്നകതാരിലാനന്ദ
വർണ്ണരാജികൾ വിരിച്ചാമയമകറ്റട്ടെ
സ്രഷ്ടാവാം യഹോവയ്ക്ക് യിസ്രയേൽക്കാരോടുള്ള
സക്തിയും കരുതലും ആദിയുത്സവേ കാൺമൂ
ഹൃദയപൂർവ്വം ദൈവസന്നിധിയിലേവരും
ഹൃദ്യമായ് 'സന്തോഷിക്ക'ഉത്സവത്തിൽ നിത്യവും
പെരുന്നാളാചരണം വെടിയുന്നോരെയെല്ലാം
പക്ഷാഭേദം കൂടാതെ ഛേദിച്ചുനീക്കിടേണം
പാപബോധത്താൽ ജനം ലേശവും ലോപമെന്യേ
പെരുന്നാൾ ദിനങ്ങളിൽ ' ആത്മതപനം'ചെയ്ക.
ഈ വിധചിന്തകളാൽ എബ്രായ'വൻനാളുകൾ'
ഇടനെഞ്ചിൽ സ്വർഗ്ഗീയ ചിന്തകൾ നിറച്ചല്ലോ
എബ്രായപദം 'ഹാഗ്' ഉത്സവപര്യായമായ്
ഏറ്റവും പ്രാമുഖ്യമോടെബ്രായപ്രതീകമായ്
യറുശലേം പുരിയിൽ വാർഷിക ത്രയോത്സവം
യജ്ഞിയ പെരുന്നാളിൻ രൂപമായ് കാലാന്തരേ
പെസഹാ, പെന്തിക്കോസ്തി, കൂടാരപ്പെരുനാൾകൾ
പെരുമയാലാഘോഷിച്ചു ആദിയിൽ സഭാമക്കൾ
സഭാപിതാക്കന്മാരും അപ്പോസ്തോലരേവരും
സഭാചരിത്രത്തിലെ സംഭവങ്ങളൊക്കെയും
പരന്ധാമനാഥനാം ക്രിസ്തുനാമവും വാഴ്ത്തും
പെരുന്നാൾ പെരിയനാൾ, വലിയദിനം തന്നെ
ദേവാലയം സ്ഥാപിത പുണ്യവാന്മാരോടൊപ്പം
ദേവാലയത്തിൻ ശിലാസ്ഥാപന ദിവസവും
കീർത്തിയേറും പെരുനാൾ ദിനമായ് ആഘോഷിപ്പൂ
ക്രൈസ്തവമൂല്യങ്ങൾക്കനുരൂപമായെക്കാലവും

## സദ്ചിന്തകൾ

### വൃത്തിയുള്ള പരിസരം എന്ന ലക്ഷ്യം

❑ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ (വീട്, ഓഫീസ്, കടകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയവ) തരംതിരിച്ച് സംഭരിക്കുക.

❑ ചീയുന്നതും അല്ലാത്തതുമായ മാലിന്യങ്ങൾ വെവ്വേറെ സംഭരിക്കുക.

❑ ഖരമാലിന്യങ്ങൾ പ്ലാസ്റ്റിക് സഞ്ചികളിൽ കെട്ടിയോ അല്ലാതെയോ നിരത്തിലും പൊതു സ്ഥലങ്ങളിലും ഓടകളിലും ജലാശയങ്ങളിലും ഉപേക്ഷിക്കുന്നത് ഒഴിവാക്കുക. അങ്ങനെ ചെയ്യുന്നവരെ നിരുത്സാഹപ്പെടുത്തുക.

❑ പ്ലാസ്റ്റിക്, കടലാസുകൾ, റബ്ബർ, ഗ്ലാസ്, ലോഹം തുടങ്ങിയ അഴുകാത്തതും പുനരുപയോഗ്യവുമായ വസ്തുക്കൾ പ്രത്യേകം ശേഖരിച്ച് അത് കൈകാര്യം ചെയ്യുന്നവർക്ക് നൽകുക.

❑ ജൈവ ജീർണ്ണന സാധ്യതയുള്ള മാലിന്യങ്ങൾ വളമായി മാറ്റുകയോ ബയോഗ്യാസ് ഉല്പാദനത്തിന് ഉപയോഗിക്കുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേർപ്പെടുത്തുന്ന പൊതു സംവിധാനത്തിലെത്തിക്കുകയോ ചെയ്യുക.

# ഉണർവ്വും നവീകരണവും

### സി. എം. ജേക്കബ് തടത്തിപ്പറമ്പിൽ

**വൈ**ദേശിക അധിനിവേശ കാലയളവിൽ നടത്തിയ മിഷൻ പ്രവർത്തനഫലമായി ലത്തീൻ കത്തോലിക്കാ, റോമൻ കത്തോലിക്കാ, സി. എം. എസ്., മാർത്തോമ്മാ, സി. എസ്. ഐ. സഭകളായും മലങ്കരസഭയിലെ ഒരു മുൻ മെത്രാപ്പോലീത്തായുടെ അധികാരത്വരയുടെ ഫലമായുണ്ടായ മലങ്കര റീത്തായും ഒക്കെ മലങ്കരസഭ വിഭജിച്ചു നിൽക്കുന്ന കാലമാണല്ലോ ഇത്.

മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധനയ്ക്ക് കൊഴുപ്പും മേളവും ഉണർവ്വും പോരാ എന്നു പഴി പറഞ്ഞ് ആധുനിക ഉണർവ് പ്രസ്ഥാനങ്ങളിൽ പോയി കൈ കൊട്ടും പാട്ടും തുള്ളലും ചാട്ടവും തലയാട്ടും ഡാൻസും അട്ടഹാസവും പോലുള്ള അഭ്യാസങ്ങളിൽ കൂടിയേ രക്ഷിക്കപ്പെട്ട് സ്വർഗരാജ്യാവകാശികൾ ആകുവാൻ സാധിക്കൂ എന്ന് തെറ്റിദ്ധരിച്ച അനേകം സുറിയാനി സഭാമക്കൾ (പ്രത്യേകിച്ച് സ്ത്രീകൾ) അവരുടെ വലകളിൽ ചെന്ന് വീഴുകയും കരകയറാനാവാത്തവിധം ജീവിതം തന്നെ ഈ ഉണർവ്വുകാരുടെ കാൽക്കീഴിൽ അർപ്പിച്ച് കഴിയുന്നതും നാം കാണുന്നു.

ഏതാണ്ട് 133 വർഷങ്ങൾക്കു മുമ്പ് ഇപ്പറഞ്ഞ ഉണർവ്വ് പ്രസ്ഥാനക്കാരുടെ ഒരു പൂർവ്വികനും അനുചരനും കൂടി തല്ലിക്കൂട്ടിയ ഒരു ഉണർവ്വ് സഭയുടെയും അതിൽ പെട്ടുപോയ നിരാലംബരായ ഒരുപറ്റം സുറിയാനി സഭാമക്കളുടെയും കാര്യമാണിപ്പറയുന്നത് ഈ പ്രസ്ഥാനത്തിന് ഇന്ന് നിലവിലുള്ള പല ഉണർവ്വ് പ്രസ്ഥാനങ്ങളുമായുള്ള സാമ്യം ശ്രദ്ധിക്കുക.

ആംഗ്ലിക്കൻ മിഷണറിമാരുമായുള്ള സഹവാസവും ചർച്ച് മിഷൻ സൊസൈറ്റിയിലെ റവ. ജോസഫ് പീറ്റ് എന്ന സായിപ്പുമായുള്ള ചങ്ങാത്തവും മൂലം, മലങ്കര സുറിയാനി സഭയിൽ മുഴുവൻ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണെന്ന് തെറ്റിദ്ധരിച്ച്, അതിൽ നിന്നും സുറിയാനിസഭയെ മുഴുവൻ നവീകരിച്ച് ആംഗ്ലിക്കൻ സഭാവിശ്വാസത്തോട് അനുരൂപമാക്കണമെന്നാഗ്രഹിച്ച് അതിന്റെ സാക്ഷാത്ക്കാരത്തിനായി തന്റെ കൂടെ നിൽക്കാൻ ഒരു മെത്രാപ്പോലീത്താ വേണമെന്ന് മനസ്സിലാക്കിയ പാലക്കുന്നത്ത് അബ്രഹാം മല്പാൻ തന്റെ സഹോദരപുത്രനെ മർദ്ദീനിലയച്ച് മെത്രാനാക്കി മടങ്ങി വന്ന് മിഷണറി പ്രവർത്തനത്തിന് ആക്കം കൂട്ടി കഴിയുന്ന കാലം. ഇവരുടെ ശ്രമഫലമായി വലിയ ഒരു സംഘം സുറിയാനി സഭാമക്കൾ നവീകരണ സുറിയാനി വിശ്വാസത്തിലും ചർച്ച് മിഷൻ സൊസൈറ്റി വഴി അനേക സുറിയാനിക്കാർ ആംഗ്ലിക്കൻ സഭയിലും ചേർന്ന് കഴിഞ്ഞിരുന്നു.

പീറ്റ് സായ്പിന്റെയും അബ്രഹാം മല്പാന്റെയും മരണശേഷം സി. എം. എസ്. സഭയിലെ ഒരു പാതിരി ആയിരുന്ന റവ. യുസ്തൂസ് ജോസഫ് എന്ന വിദ്വാൻകുട്ടിയും സുറിയാനിക്കാരൻ കൂടാരപ്പള്ളിയിൽ തൊമ്മനും കൂടി ആരംഭിച്ച ഉണർവ്വ് പ്രസ്ഥാനമാണ് യൂയോമയ സഭ. അബ്രഹാം മല്പാന്റെയും മിഷണറിമാരുടെയും നവീകരണം അപര്യാപ്തവും മൂഢവുമാണെന്ന് ഇവർ വാദിച്ചു. പ്രാർത്ഥനയും പാട്ടും കൈയടിയും പ്രസംഗവും പാപങ്ങൾ ഏറ്റുപറഞ്ഞ് നെഞ്ചത്തടിയും സാക്ഷി പറയലുമൊക്കെയായി ഈ പ്രസ്ഥാനം പലയിടത്തും ശക്തി പ്രാപിച്ചു.

ആദിമ ക്രിസ്ത്യാനികളെ അനുകരിച്ച് നാലായിരത്തോളം സുറിയാനി ക്രിസ്ത്യാനികൾ തങ്ങളുടെ സ്വത്ത് മുഴുവൻ വിറ്റ് തുക വിദ്വാൻകുട്ടിയെ ഏല്പിച്ചു. അവരുടെ സ്ത്രീകൾ ആഭരണങ്ങൾ ഊരി വിദ്വാൻകുട്ടിയ്ക്ക് കാഴ്ചയായി സമർപ്പിച്ചു. ഏതാണ്ട് ആറു വർഷംകൊണ്ട് ഇവരുടെ സംഖ്യ പതിനായിരത്തോളമായി ഉയർന്നു.

ഒടുവിൽ അനിവാര്യമായത് സംഭവിച്ചു. വിദ്വാൻകുട്ടിയുടെയും തൊമ്മന്റെയും അന്തേവാസികളിൽ പലരും പ്രവാചകന്മാരായിരുന്നതിനാൽ അവർ കണ്ട ദർശനപ്രകാരം ക്രിസ്തു മേഘാരൂഢനായി വീണ്ടും വരുന്നതിന് അന്നേയ്ക്ക് കേവലം ആറു വർഷം മാത്രം കഴിഞ്ഞാൽ മതി എന്ന പ്രവചനം വന്നു. വിദ്വാൻകുട്ടി ഈ പ്രസ്ഥാനത്തെപ്പറ്റി ആഴമായി പഠിക്കുകയും ബൈബിൾ വച്ച് നടത്തിയ കാലനിർണ്ണയ പ്രകാരം മൂന്ന് ദിവസത്തെ ഇരുട്ടിനു ശേഷം 1881 ഒക്ടോബർ 2 ഞായറാഴ്ച അർദ്ധരാത്രിയ്ക്ക് ശേഷം തന്റെ ഭക്തരെ ചേർക്കാൻ മേഘങ്ങളിൽ ക്രിസ്തു വരും എന്ന് സ്ഥിരീകരിച്ചു. ക്രിസ്തുവിന്റെ വരവിനായി തീക്ഷ്ണതയോടെ കാത്തിരുന്ന യൂയോമയ ഉണർവ്വ് സഭക്കാർ പറഞ്ഞ സമയത്ത് ക്രിസ്തുവിനെ കാണാതെ നിരാശയുടെ പടുകുഴിയിൽ അകപ്പെട്ടു. യൂയോമയ സഭ അതോടെ തകർച്ചയെ നേരിട്ടു. വിദ്വാൻകുട്ടിയിലുള്ള വിശ്വാസം നഷ്ടപ്പെട്ട ഉണർവ്വ് സുറിയാനിക്കാർ തിരികെ മാതൃസഭയിൽ എത്തിച്ചേരാൻ നോക്കി. അവരെ സ്വീകരിക്കാൻ സഭ തയ്യാറായില്ല. തങ്ങൾക്കുള്ളതെല്ലാം വിറ്റ് തുലച്ച നാലായിരത്തോളം വരുന്ന ഇക്കൂട്ടരിൽ ഭൂരിഭാഗവും പട്ടിണിയും പരിവട്ടവുമായി ഒടുവിൽ നവീകരണ സുറിയാനി സഭയിൽ ചേക്കേറി.

യേശു പറഞ്ഞു: "ഞാൻ ആകുന്നു എന്നും സമയം അടുത്തിരിക്കുന്നു എന്നും പറഞ്ഞ് അനേകർ എന്റെ പേരെടുത്തുവരും, അവരെ അനുഗമിക്കരുത്" (ലൂക്കോസ് 21:8). ❑

## കൈകൾ കോർത്ത് പ്രവർത്തിക്കാം

'ദക്ഷിണധ്വനി'യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളോടു നിർലോഭം സഹകരിച്ച ഇടവകാംഗങ്ങൾക്കും അഭ്യുദയകാംഷികൾക്കും നന്ദിയുടെ വാടാമലരുകൾ സമർപ്പിക്കുന്നു. പത്രത്തിന്റെ പ്രസിദ്ധീകരണത്തിന് വേണ്ടി വരുന്ന തുക നമ്മുടെ ഇടവകയിൽ നടക്കുന്ന വിവാഹം, ഓർമ്മദിവസം തുടങ്ങിയവയുടെ ഫോട്ടോകളിൽ നിന്നാണ് സമാഹരിക്കുന്നത്. വർദ്ധിച്ചുവരുന്ന ചെലവുകൾ നേരിടുന്നതിന് നാട്ടിലും വിദേശത്തുമുള്ള മുഴുവൻ ഇടവകാംഗങ്ങളിൽ നിന്നും നിർലോഭമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളിൽ നടക്കുന്ന വിവാഹം, വിവാഹ വാർഷികം, മാമോദീസാ, ജന്മദിനം, ഉപകാരസ്മരണ (Favours Received), പരിശുദ്ധന്മാരോടുള്ള അപേക്ഷ (മദ്ധ്യസ്ഥത) മറ്റ് വിശേഷങ്ങൾ എന്നിവയുടെ ഫോട്ടോകൾ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെടുക.

**ബോബി: 9495164071 സാംസൺ: 9947407137 കുര്യൻ: 9497324484**

**Post your comments, articles & advts @ dakshinadwani@gmail.com**

# പിതാക്കന്മാരിലൂടെ... (11)

**(മലങ്കരസഭാ പിതാക്കന്മാരെ പരിചയപ്പെടുത്തുന്ന പംക്തി)**

## പരിശുദ്ധ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് (പാമ്പാടി തിരുമേനി)



കോട്ടയം പട്ടണത്തിൽ നിന്നു കിഴക്കുമാറി സ്ഥിതി ചെയ്യുന്ന പാമ്പാടി എന്ന ഗ്രാമത്തിലാണ് പാമ്പാടി തിരുമേനി എന്നറിയപ്പെടുന്ന കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജനനം 1885 ഏപ്രിൽ 4-ാം തീയതി കരിങ്ങണാമറ്റം പേഴമറ്റം വീട്ടിൽ ചാക്കോയുടേയും ഇളച്ചിയുടേയും മക്കളിൽ അഞ്ചാമനായി പിറന്നു.

ഏഴാം വയസിൽ കുടിപ്പള്ളിക്കൂടത്തിൽ പോയി തുടങ്ങി. അവിടെ നിന്നുമാണ് പാമ്പാടി തിരുമേനിയും മഠത്തിലാശാൻ എന്നറിയപ്പെട്ടിരുന്ന ഗുരുനാഥനുമായുള്ള ആത്മബന്ധത്തിന്റെ തുടക്കം. ചെറുപ്രായത്തിൽതന്നെ അദ്ദേഹം മദ്ബഹാ ശുശ്രൂഷകനായി. 1895 ഫെബ്രുവരി 5-ന് കടവിൽ മാർ അത്താനാസിയോസ് തിരുമേനി പാമ്പാടി പള്ളിയിൽ വച്ച് 14-ാം വയസ്സിൽ ശെമ്മാശൻ പട്ടം നൽകി. തുടർന്ന് വൈദിക വിദ്യാഭ്യാസത്തിനായി പഴയ സെമിനാരിയിലേക്ക് പോയി. വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ, ഇലവിനാമണ്ണിൽ സ്കറിയാ മല്പാൻ, മട്ടയ്ക്കൽ അലക്സ് അന്ത്രയോസ് മല്പാൻ, ചക്കരക്കടയിൽ പി. പി. യൗസേഫ് മല്പാൻ എന്നിവരായിരുന്നു സെമിനാരിയിൽ ശെമ്മാശന്റെ ഗുരുക്കന്മാർ. ഒഴിവു സമയം ശെമ്മാശൻ പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടി.

1906 ജൂലൈ 28-ന് പാമ്പാടി വലിയ പള്ളിയിൽവച്ച് മുറിമറ്റത്ത് പൗലോസ് മാർ ഈവാനിയോസ് (മലങ്കരയുടെ ഒന്നാം കാതോലിക്കാ ബാവാ) തിരുമേനിയിൽ നിന്ന് തന്റെ 21-ാം വയസിൽ കശീശ്ശാ പട്ടവും, ജൂലൈ 29-ന് റമ്പാൻ സ്ഥാനവും സ്വീകരിച്ചു (റമ്പാനായ ശേഷം അദ്ദേഹം പാമ്പാടിപ്പള്ളിയിൽ സ്ഥിരതാമസമാക്കി). ജൂലൈ 30-ന് പാമ്പാടിപള്ളിയിൽ തന്റെ നവ പൂജാർപ്പണം നടത്തി. 1913 ഓഗസ്റ്റിൽ ഗുരു മഠത്തിലാശാൻ നല്കിയ 12 ഏക്കർ സ്ഥലത്ത് ഒരു പർണ്ണശാല സ്ഥാപിച്ച അവിടെ താമസമാക്കി. 1923 ജനുവരി 23-ന് അദ്ദേഹത്തിന്റെ ശ്രമഫലമായി പണിത ദയറാപള്ളിയുടെ കൂദാശ ഗീവർഗീസ് മാർ ദീവന്നാസിയോസ് (വട്ടശ്ശേരിൽ), ഗീവറുഗീസ് മാർ പീലക്സിനോസ് (വാകത്താനം) എന്നിവർ ചേർന്ന് നിർവ്വഹിച്ചു. 1929 ഫെബ്രുവരി 16-ന് അദ്ദേഹം കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് മെത്രാൻ സ്ഥാനം സ്വീകരിച്ചു. കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി അദ്ദേഹം മൂന്ന് വ്യാഴവട്ടക്കാലം പ്രവർത്തിച്ചു. ഒരു വർഷക്കാലം പരുമല സെമിനാരിയുടെ ഭരണവും നിർവ്വഹിച്ചു.

കൊടുംവെയിലിൽ പ്രാർത്ഥിച്ച് മഴ പെയിച്ചതും, കുന്നംകുളം പ്രദേശത്തെ പ്ലേഗ് ബാധയ്ക്ക് അറുതിവരുത്തിയതുമുൾപ്പെടെ, ജീവിച്ചിരിക്കുമ്പോൾ തന്നെ ഒട്ടേറെ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനി 1965 ഏപ്രിൽ 5-നു രാത്രി 2.35-ന് കാലം ചെയ്തു. പൊത്തൻപുറം ദയറാപള്ളി, കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പൽ തുടങ്ങിയ സ്ഥാപനങ്ങൾ പരിശുദ്ധ പിതാവിന്റെ ശ്രമഫലമായി സ്ഥാപിക്കപ്പെട്ടു.




**ആശംസകൾ**

ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ ഡിറ്റക്ടീവ് എക്സലൻസിനുള്ള Badge of Honour ലഭിച്ച നമ്മുടെ ഇടവകാംഗമായ **പുതുപ്പറമ്പിൽ പി. സി. കുറിയാക്കോസിന്** യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ.


## പരീശന്മാർ

**വേദപുസ്തക ധ്വനി**

'പരീശൻ'എന്ന പദത്തിന്റെ മൂലഭാഷയിലെ അർത്ഥം ' വേർതിരിക്കപ്പെട്ടവൻ' എന്നാണ്. മോശയുടെ ന്യായപ്രമാണം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കി ജീവിക്കുമെന്ന് സ്വയം പ്രതിജ്ഞയെടുത്തവരായിരുന്നു പരീശന്മാർ. അതുകൊണ്ട് ദൈവം നൽകിയ ന്യായപ്രമാണം പ്രാവർത്തികമാക്കുമെന്നു ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ അവർ ആവോളം ശ്രദ്ധിച്ചിരുന്നു. "ഞാൻ വിശുദ്ധനായിരിക്കുകയാൽ നിങ്ങളും വിശുദ്ധരായിരിക്കണം (ലേവ്യ 11:45) എന്ന ദൈവത്തിന്റെ കല്പനയനുസരിച്ച് തങ്ങൾ സദാ വിശുദ്ധിയുള്ളവരാണെന്ന് വരുത്തിത്തീർക്കുവാൻ അവർ ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈകഴുകുമായിരുന്നു. ചന്തയിൽനിന്നും വന്നാൽ കുളിച്ചതിനുശേഷം മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ. മാത്രമല്ല ചെമ്പ്, ഭരണി പാത്രങ്ങൾ മുതലായവ കഴുകുന്നതിന് അതീവ ശുഷ്കാന്തി കാണിച്ചിരുന്നു. ആന്തരിക വിശുദ്ധിയേക്കാൾ ബാഹ്യമായ കഴുകലുകൾ കൊണ്ട് തങ്ങൾ വിശുദ്ധിയിൽ ജീവിക്കുന്നവരാണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ച പരീശന്മാരെ കർത്താവ് "വെള്ള തേച്ച ശവക്കല്ലറകൾ" എന്നാണ് വിളിക്കുന്നത് (മത്തായി 23:27). "യഹോവയുടെ ന്യായപ്രമാണം നിന്റെ വായിൽ ഉണ്ടായിരിക്കേണ്ടതിന് ഇതു നിന്റെ കൈമേൽ ഒരു അടയാളമായും നിന്റെ കണ്ണുകളുടെ നടുവിൽ ഒരു ജ്ഞാപകമായും ഇരിക്കണം" (പുറ. 13:9) എന്നുള്ള ദൈവത്തിന്റെ കല്പന പ്രാവർത്തികമാക്കുവാൻ പുറപ്പാട് 13:3-10, ആവർത്തന പുസ്തകം 6:4-9, 11:13-21 എന്നീ ഭാഗങ്ങളിലെ തിരുവചന ശകലങ്ങൾ 1 1/2 ഇഞ്ച് വീതിയും 10 ഇഞ്ച് നീളവുമുള്ള നേരിയതുകൽ ചുരുളുകളിൽ എഴുതി ചെറിയ തുകൽ പെട്ടിയിലാക്കി അവരുടെ കൈകളിലും നെറ്റിയിലും അവർ എപ്പോഴും ധരിച്ചിരുന്നു. സാധാരണയായി പുരുഷന്മാർ അത് ധരിച്ചിരുന്നത് പ്രാർത്ഥനാ സമയങ്ങളിലായിരുന്നു. മറ്റുള്ളവർ തങ്ങളെ തിരിച്ചറിയുവാനായി തങ്ങളുടെ മന്ത്രപ്പട്ടകൾ വീതി കൂട്ടുകയും തൊങ്ങലുകൾ വലുതാക്കുകയും ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്ന പരീശന്മാർ വിധവമാരുടെ വീടുകൾ വിഴുങ്ങുന്നവരാണെന്ന് പറഞ്ഞ് കർത്താവ് അവരെ നിശിതമായി വിമർശിക്കുന്നു. തുളസി, ചതുകുപ്പ, ജീരകം തുടങ്ങിയവയുടെ പോലും ദശാംശം കൊടുക്കുന്നുവെന്ന് ഉദ്ഘോഷിക്കുന്ന പരീശന്മാർ ന്യായവും കരുണയും വിശ്വസ്തതയും ത്യജിച്ചുകളയുന്ന കുരുടന്മാരായ വഴികാട്ടികളാണെന്ന് കർത്താവ് ചൂണ്ടിക്കാണിക്കുന്നു. തങ്ങളുടെ കപടഭക്തിയെ പൊളിച്ചുകളഞ്ഞ കർത്താവിനെ അവർ അത്യധികം വെറുത്തിരുന്നു. അതുകൊണ്ടാണ് കർത്താവിനെ ക്രൂശിൽ തൂക്കുവാൻ പരീശന്മാർ മുൻകൈയെടുത്തത്.

**"അന്യായമായ കോപത്തിന് നീതീകരണമില്ല. കാരണം, കോപം തുലാസ് ചെരിക്കുമ്പോൾ മനുഷ്യൻ അധഃപതിക്കുന്നു" (പ്രഭാഷകൻ 1:22).**

**അജപാലകധ്വനി**

ഫാ. മാത്യു വർഗീസ്

# സൗത്ത് പാമ്പാടി ഇടവകയ്ക്ക് പ്രാതഃസ്മരണീയരായ കപ്പദോക്യൻ പിതാക്കന്മാർ

സൗത്ത് പാമ്പാടി ഇടവകയുടെ 98 – ാം പ്രതിഷ്ഠാ പെരുന്നാൾ ആചരിക്കുന്ന ഈ വേളയിൽ നമ്മെത്തന്നെ പുനഃപ്രതിഷ്ഠിച്ച് അനുഗ്രഹം പ്രാപിക്കാം. നമ്മുടെ ഇടവകയുടെ പെരുന്നാൾ നാം ആചരിക്കുന്നത് മകരം 1– ാം തീയതിയാണല്ലോ. കാലാകാലങ്ങളിലായി നമ്മുടെ പെരുന്നാളുകളിൽ പ്രത്യേകം സ്മരിക്കുന്ന വിശുദ്ധന്മാരാണ് കപ്പദോക്യൻ പിതാക്കന്മാരായ കൈസറിയായിലെ വി. ബസേലിയോസും, നാസിയാൻസിലെ വി. ഗ്രീഗോറിയോസും. പ. സഭ ഈ പിതാക്കന്മാരുടെ ഓർമ്മകൊണ്ടാടുന്നത് ജനുവരി 1– ാം തീയതിയാണ്. അന്നേ ദിവസം സഭയിലെ സകല മല്പാന്മാരുടെയും ഓർമ്മ കൂടിയാണ്.

**കപ്പദോക്യ**

പുരാതന റോമാ സാമ്രാജ്യത്തിലെ ഒരു പ്രവിശ്യായിരുന്നു കപ്പദോക്യ. ഏഷ്യൻ പ്രദേശത്തിന്റെ കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്ത ഈ പ്രവിശ്യയുടെ അതിരുകൾ പലപ്പോഴും വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. പുതിയ നിയമ കാലഘട്ടത്തിൽ ശ്രദ്ധേയമായിരുന്നു ഇത്. (അപ്പോ. പ്ര. 2:9, 1 പത്രോസ് 1:1). ക്രൈസ്തവ ചരിത്രത്തിൽ കപ്പദോക്യ പ്രത്യേകമായി ശ്രദ്ധിക്കപ്പെടുന്നത് 3 – ാം നൂറ്റാണ്ടോടു കൂടിയാണ്. അത്ഭുത പ്രവർത്തകനായ ഗ്രീഗോറിയോസ് (A. D 213 - 275 ഗ്രീഗോറിയോസ് തൗമാറ്റർ ഗൂസ്) ആണ് കപ്പദോക്യയിൽ ക്രൈസ്തവ സുവിശേഷ പ്രവർത്തനം ശക്തിപ്പെടുത്തിയത്.

**(1) മാർ ബസ്സേലിയോസ്**

മാർ ബസ്സേലിയോസ് കപ്പദോക്യയിൽ കൈസറിയ പ്രദേശത്തുള്ള പുരാതനവും സമ്പന്നവുമായ ക്രൈസ്തവ കുടുംബത്തിൽ എ. ഡി. 330 നോടടുത്ത് പണ്ഡിതനും പ്രഗത്ഭനും സാഹിത്യകാരനുമായ ബസ്സേലിയോസിന്റെയും ഭക്തയും വിവേകമതിയുമായ എമിലിയായുടെയും പുത്രനായി ജനിച്ചു. എമിലിയായുടെ പിതാവാകട്ടെ ഒരു ക്രൈസ്തവ രക്തസാക്ഷിയായിരുന്നു. പരമ ഭക്തയായ വല്യമ്മ മക്രീനയുടെ ഭക്തിപൂർണ്ണമായ പരിലാളനയിൽ വളർന്ന മാർ ബസ്സേലിയോസും ഒമ്പതു സഹോദരങ്ങളിൽ മൂന്നു പേരും സഭാപ്രവർത്തനത്തിന്റെ അതികായരായിരുന്നു. മാർ ബസ്സേലിയോസ് കൈസരിയായിലെയും സഹോദരനായ ഗ്രീഗോറിയോസ് നിസായിലെയും മാർ പത്രോസ് സെബസ്റ്റ്യായിലെയും മെത്രാന്മാരായും സഹോദരി വി. മക്രീന സന്യാസിനി സമൂഹത്തിന്റെ സമാരംഭകയായും അത്യധികം ശോഭിച്ചു. മാർ ബസ്സേലിയോസിന്റെ വിദ്യാഭ്യാസം നടന്നത് ജന്മനാടായ കൈസരിയായിലെ കുസ്തന്തിനോസ് പോലിസിലും അഥേനയിലും ആയിരുന്നു. 356 – ാം മാണ്ടോടെ സ്വദേശത്ത് തിരിച്ചെത്തിയ അദ്ദേഹം ഒരു ഭാഷാധ്യാപകനായി ജോലി ചെയ്തു. എന്നാൽ തന്റെ ആത്മാവ് ദൈവിക കാര്യങ്ങൾക്ക് വേണ്ടി ദാഹിക്കുവാൻ തുടങ്ങി. അർസോസിയിലെ കുടുംബ പുരയിടത്തിലെത്തി ഏകാന്തതയിൽ താമസിച്ചു ധ്യാനിക്കുന്നത് പതിവാക്കി. അർണോസിയിൽ തന്നെയായിരുന്നു സഹോദരി മക്രീന കന്യകമാരുടെ സാമൂഹിക സംവിധാനം ക്രമീകരിച്ചിരിക്കുന്നത്. തുടർന്ന് മുഴുവൻ സമയവും ദൈവീക കാര്യങ്ങൾക്കുവേണ്ടി സമർപ്പിക്കണമെന്ന് തിരുമാനിച്ച അദ്ദേഹം മാമോദീസ സ്വീകരിച്ച് ഈജിപ്റ്റിലെയും, സിറിയായിലെയും പാലസ്തീനിലെയും സന്യാസാശ്രമങ്ങൾ സന്ദർശിച്ച് തിരിച്ചെത്തി. തന്റെ വസ്തുവകകൾ മുഴുവൻ വിറ്റ് ദരിദ്രർക്ക് നൽകി അർസോസിക്കെതിർവശത്ത് ഐറിസ് നദിക്കരയിൽ അദ്ദേഹം തന്റെ ആശ്രമം സ്ഥാപിച്ചു. അനേകമാളുകൾ തന്റെ മാതൃക പിൻപറ്റി ആശ്രമത്തിലെത്തി സന്യാസ ജീവിതം വരിച്ചു. ധാരാളം ശിഷ്യന്മാർ തനിക്കുണ്ടായപ്പോൾ ബസ്സേലിയോസ് അവർക്കായി ചില നിയമങ്ങൾ എഴുതിയുണ്ടാക്കി. തന്റെ ആത്മ സുഹൃത്തായ നാസിയാൻസിലെ മാർ ഗ്രീഗോറിയോസിനെ തന്റെ ആശ്രമത്തിലേയ്ക്ക് വിളിച്ചുവരുത്തി. ഇക്കാലഘട്ടത്തിലാണ് രണ്ടു പേരുമൊരുമിച്ച് വളരെ പ്രശസ്തവും രണ്ടാം വേദപുസ്തകമെന്ന് വിശേഷിപ്പിക്കുന്നതുമായ 'ഫിലോകാലിയ' എന്ന ഗ്രന്ഥം ക്രോഡീകരിച്ചത്. സന്യാസ നിയമങ്ങളും അവർ പരിഷ്കരിച്ചു. കൈസറിയായിലെ യൂസേബിയോസ്, ബസേലിയോസിനെക്കുറിച്ച് കേട്ടിട്ട് വിളിച്ചുവരുത്തി വൈദികനാക്കി. പിന്നീട് മാർ യൂസേബിയോസിന്റെ പിൻഗാമിയായി കൈസരിയായുടെയും പൊന്തൊസിന്റെയും അതിന്റെ കീഴിലുള്ള അമ്പത് ചെറിയ ഭദ്രാസനങ്ങളുടെയും മെത്രാനായി അവരോധിക്കപ്പെട്ടു.

അറിയൂസിന്റെ വേദവിപരീതത്തിനെതിരായും അതിന്റെ തുടർച്ചയായി വന്ന മക്കദോന്യോസിന്റെ വികല ചിന്തയ്ക്കെതിരായും അദ്ദേഹം പോരാടി. അദ്ദേഹത്തിന്റെ കൃതികളെ വിശ്വാസ സമർപ്പണപരം, വേദപുസ്തകപരം, സന്യാസ ജീവിതവുമായി ബന്ധപ്പെട്ടത്, വ്യക്തിപരമായ കത്തുകൾ എന്നിങ്ങനെ തരംതിരിക്കുന്നു.

സഭാപിതാക്കന്മാരിൽ വച്ച് വി. ബസ്സേലിയോസിനെപ്പോലെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചവരും നേതൃത്വം കൊടുത്തവരും മറ്റാരും ഉണ്ടാകില്ല. കപ്പദോക്യ മുഴുവൻ പരന്ന സേവന ശൃംഖല വഴിയായി ആശുപത്രികൾ, വഴിയമ്പലങ്ങൾ, ക്ഷാമവും, ദാരിദ്ര്യവും അനുഭവിക്കുന്നവർക്ക് ധർമ്മശാലകൾ, തൊഴിൽ ശാലകൾ എന്നിവ സ്ഥാപിച്ചു. ഓരോ കൊച്ചു പട്ടണത്തിലും ദരിദ്രരുടെ സംരക്ഷണ കേന്ദ്രം സ്ഥാപിച്ചു. അവരുടെ മേൽനോട്ടത്തിന് ഓരോ കോറെപ്പിസ്കോപ്പാമാരെയും നിയമിച്ചു.

പ്രശ്നസങ്കീർണ്ണമായ ഒരു കാലഘട്ടം മുഴുവൻ തന്റെ അജപാലനദൗത്യം നിർവ്വഹിച്ചു ക്രി. വ 379– ജനുവരി 1– ാം തീയതി കാലം ചെയ്തു. പൗരസ്ത്യ (ഗ്രീക്ക്) സഭാപാരമ്പര്യത്തിന്റെ ആദ്യ സന്യാസ പിതാവും മൂന്ന് കപ്പദോക്യൻ പിതാക്കന്മാരിൽ കാരണവരും 'രണ്ടാമത്തെ അത്താനാസിയോസ്' എന്നു വിളിക്കപ്പെടുന്നവനുമായ വലിയ മാർ ബസ്സേലിയോസ് സന്യാസ പ്രസ്ഥാനത്തിൽ മാത്രമല്ല സഭാഭരണ രംഗത്തും വേദശാസ്ത്ര ചിന്തയിലും സാമൂഹ്യ പ്രവർത്തന രംഗത്തും അത്യുന്നതമായി വിരാജിക്കുന്നു.

**(2) നാസിയാൻസിലെ മാർ ഗ്രീഗോറിയോസ്**

കപ്പദോക്യൻ പിതാക്കന്മാരിൽ 'ദൈവശാസ്ത്രജ്ഞൻ' എന്നു നിഷ്കൃഷ്ടാർത്ഥത്തിൽ അറിയപ്പെടുന്ന ആളും ക്രൈസ്തവ പാരമ്പര്യത്തിലെ ഡെമസ്തനീസ് (പ്രഭാഷണ കലയുടെ ആചാര്യൻ) എന്നു വിശേഷിപ്പിക്കപ്പെടുന്ന ആളുമായ ഇദ്ദേഹം കപ്പദോക്യയിലെ നാൻസിയാൻസിനു സമീപമുള്ള ആര്യാൻസിൽ ക്രി. വ. 330 നോടടുത്ത് നാസിയാൻസിലെ മെത്രാനായ ഗ്രീഗോറിയോസിന്റെയും ഉത്തമഭക്തയായിരുന്ന നൊണ്ണയുടെയും മകനായി ജനിച്ചു.

ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസം ആദ്യം ജന്മദേശമായ കൈസരിയായിലും പിന്നീട് പാലസ്തീനിലെ കൈസരിയായിലും അലക്സന്ത്ര്യയിലും ആതൻസിലുമായിട്ടാണ് നടന്നത്. കപ്പദോക്യയിലെ കൈസരിയയിൽ ഭാഷയും സാഹിത്യവും പഠിക്കുമ്പോഴാണ് ആദ്യമായി മാർ ബസേലിയോസിനെ പരിചയപ്പെടുന്നത്. വിദ്യാഭ്യാസം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ ഗ്രീഗോറിയോസിനെ വിശുദ്ധ ബസേലിയോസ് തന്റെ ആശ്രമത്തിലേക്ക് ക്ഷണിച്ചു. ആ കാലഘട്ടമാണ് അവരുടെ ആത്മീയ ജീവിതത്തിലെ അനർഘ നിമിഷങ്ങൾ. ആ ബന്ധം ജീവിതാന്ത്യം വരെ നിലനിന്നു. പൊന്തോസിൽ നിന്നും തിരിച്ചെത്തിയ അദ്ദേഹത്തെ പിതാവായ മാർ ഗ്രീഗോറിയോസ് മെത്രാൻ വൈദികനാക്കി തന്റെ സഹായിയായി അവരോധിച്ചു. പുരോഹിതനാകുവാനോ മെത്രാനാകുവാനോ എന്തെങ്കിലും സ്ഥാനമാനങ്ങൾ സ്വീകരിക്കുവാനോ അദ്ദേഹത്തിന്റെ വിനയം സമ്മതിച്ചില്ലെങ്കിലും പുണ്യജീവിതവും സൗമ്യതയും ആദർശധീരതയും അഗാധ പാണ്ഡിത്യവും നാടെങ്ങും കീർത്തിയായതിനാൽ നിർബന്ധത്തിന് വഴങ്ങിയാണ് അവ വിവിധ സമയങ്ങളിൽ സ്വീകരിച്ചത്. പലപ്പോഴും സ്ഥാനമാനങ്ങൾ ഏല്ക്കാൻ വിമുഖനായി, ഒരു തരത്തിൽ പറഞ്ഞാൽ 'ഒളിച്ചോട്ടം' തന്നെ നടത്തിയെന്നു പറയാം. പിതാവ് മരിച്ചതോടെ നാസിയാൻസിന്റെ ചുമതല രണ്ട് വർഷം നിർവ്വഹിച്ചതിനു ശേഷം ഏകാന്തവാസത്തിനായി സെലൂക്യയിലേക്ക് പോയി. എന്നാൽ വി. ബസ്സേലിയോസിന്റെ വിയോഗത്തോടെ സഭ മുഴുവൻ വി. ഗ്രീഗോറിയോസിന്റെ സേവനം നിർബന്ധപൂർവ്വം ആവശ്യപ്പെടുകയാണുണ്ടായത്. ക്രി. വ 379– ൽ കുസ്തന്തിനോപോലീസിലെ വിശ്വാസികൾ അദ്ദേഹത്തെ ക്ഷണിക്കുകയും ആ പട്ടണത്തിൽ ഒരു കൊച്ചുവീട്ടിൽ താമസിച്ച് അതിനെ ദേവാലയമാക്കി അറിയൂസിന്റെ വേദവിപരീതത്തിനെതിരായി ഉജ്ജ്വലമായി പ്രസംഗിക്കുകയും ചെയ്തുവന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അനേകായിരങ്ങൾക്ക് ആവേശമായിരുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ക്രി. വ 381– ലെ കുസ്തന്തിനോസ് പോലീസ് സുന്നഹദോസ് കൂടിയത്. അധികാര കിടമത്സരങ്ങളിൽ മനം നൊന്ത അദ്ദേഹം സഭാഭരണത്തിൽ നിന്നൊഴിഞ്ഞ് അനാരോഗ്യാവസ്ഥയിൽ തന്റെ പിതൃസ്വത്തായ ആര്യൻസിലെ തോട്ടത്തിൽ താമസിച്ച് ദീർഘമായ സാഹിത്യസൃഷ്ടി നടത്തി. ക്രി. വ 389– ൽ അദ്ദേഹം ദിവംഗതനായി.

ദൈവശാസ്ത്രപരമായും ആത്മീയ അനുഭൂതി പ്രദമായും ഉന്നത നിലവാരം പുലർത്തുന്ന അദ്ദേഹത്തിന്റെ കൃതികളെ നാലായി തിരിക്കുന്നു. ദൈവശാസ്ത്രപരം, വിശേഷാവസരങ്ങളിലെ പ്രസംഗങ്ങൾ, കത്തുകൾ, കവിതകൾ. വി. ത്രിത്വത്തെ സംബന്ധിച്ച് വി. ബസ്സേലിയോസ് തുടങ്ങിവച്ച വ്യാഖ്യാന ശ്രമങ്ങൾ പൂർത്തീകരിച്ചത് വി. ഗ്രീഗോറിയോസ് ആണ്. രണ്ടാം സാർവ്വത്രിക സുന്നഹദോസിൽ അറിയൂസ് വേദവിപപരീതത്തിന്റെ അവസാനമുളയായ മാസിഡോണിയനിസത്തെ ഫലപ്രദമായി ഖണ്ഡിച്ചത് ഇദ്ദേഹമാണ്. വി. മറിയാമിനെ വളരെ മുമ്പ് തന്നെ 'ദൈവമാതാ'വെന്ന് വിവക്ഷിച്ചിരുന്നു. ദൈവശാസ്ത്ര വിശകലനത്തിൽ യുക്തിയ്ക്ക് അതിന്റേതായ സ്ഥാനമുണ്ടെന്നദ്ദേഹം കരുതി വ്യാഖ്യാനിച്ചിരുന്നു.

**3. നിസായിലെ മാർ ഗ്രീഗോറിയോസ്**

കപ്പദോക്യൻ, പിതാക്കന്മാരിൽ മൂന്നാമനായ ഇദ്ദേഹം 'നിസായിലെ നക്ഷത്രം' എന്നറിയപ്പെടുന്നു. ക്രി. വ. 335 – ൽ മാർ ബസ്സേലിയോസിന്റെ സഹോദരനായി ജനിച്ചു. യോഗിവരപ്രഭാവനായിരുന്ന ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയത് മൂത്ത സഹോദരനായ വി. ബസ്സേലിയോസ് ആയിരുന്നു. മൂത്ത സഹോദരി വി. മക്രീന സഹോദരങ്ങളുടെ സ്വഭാവ രൂപവൽക്കരണത്തിൽ മുഖ്യ പങ്കു വഹിച്ചു. വി. ബസ്സേലിയോസിന്റെ ആശ്രമത്തിലെ നിത്യ സന്ദർശകനായ ഇദ്ദേഹം പിന്നീട് തെയോസെബയാ എന്ന സ്ത്രീയെ വിവാഹം കഴിച്ചെങ്കിലും, സഹോദര സ്നേഹിതനായ നാസിയാൻസിലെ മാർ ഗ്രീഗോറിയോസിന്റെ സ്വാധീനത്താൽ സമ്പൂർണ്ണ സഭാ ജീവിതത്തിനായി ജീവിതം ഒഴിഞ്ഞുവെച്ചു. അങ്ങനെ സ്വന്ത സഹോദരൻ അദ്ദേഹത്തെ നിസായിലെ ചെറിയ മെത്രാസനത്തിന്റെ അധിപനായി വാഴിച്ചു. ഭരണനൈപുണ്യമോ, ഭരണപരിചയമോ ഇല്ലാതിരുന്ന അദ്ദേഹത്തിന്റെ പ്രാരംഭകാലം അത്ര ശോഭിച്ചില്ല. അറിയൂസ്യർക്കെതിരെ ശക്തിയുക്തം പോരാടിയ അദ്ദേഹത്തെ അവർ സ്ഥാനഭ്രഷ്ടനാക്കി. സ്വപ്രാണൻ അപകടത്തിലായ അദ്ദേഹം അവിടെ നിന്ന് ഓടിപ്പോയെങ്കിലും അറിയൂസ് പക്ഷക്കാരനായ ചക്രവർത്തി വാലിൻസിന്റെ നിര്യാണാനന്തരം തിരികെയെത്തി. അദ്ദേഹത്തിന് നിസായിലെ സത്യവിശ്വാസികൾ രാജോചിത സ്വീകരണം നല്കി. പിന്നീട് സെബസ്ത്യയിലെ വലിയ മെത്രാസന ചുമതല അദ്ദേഹത്തിന് ലഭിച്ചു. രണ്ടാം സാർവ്വത്രിക സുന്നഹദോസിൽ സുഹൃത്തായ മാർ ഗ്രീഗോറിയോസിനോടൊപ്പം അദ്ദേഹവും സുപ്രധാന പങ്ക് വഹിച്ചു. കുസ്തന്തിനോപ്പോലീസിലെ രാജകൊട്ടരത്തിൽ വിശിഷ്ടാതിഥിയായും ആത്മീയോപദേശകനായും അദ്ദേഹം അംഗീകരിക്കപ്പെട്ടു. പെതുവെ ആനാരോഗ്യവാനായ അദ്ദേഹം ക്രി. വ. 394 – ൽ കാലം ചെയ്തു.

മാർ ഗ്രീഗോറിയോസിന്റെ കൃതികൾ സാഹിത്യ ഭംഗിയാലും ആദ്ധ്യാത്മിക ചൈതന്യത്താലും ശോഭിതമാണ്. അദ്ദേഹത്തിന്റെ കൃതികൾ അഞ്ചായി തിരിക്കുന്നു. വേദ വ്യാഖ്യാനപരം, വിശ്വാസ സമർത്ഥനപരം, ആത്മീകവും സന്യാസപരവും, പ്രഭാഷണങ്ങൾ, എഴുത്തുകൾ.

പൗരസ്ത്യ പിതാക്കന്മാരിൽ മനുഷ്യ സ്വാതന്ത്ര്യത്തെക്കുറിച്ച് വേദശാസ്ത്ര അപഗ്രഥനം നടത്തിയ പ്രമുഖനാണിദ്ദേഹം. വേദവ്യാഖ്യാനപരമായ കൃതികൾ പ്രശസ്തമാണ്. വിശ്വാസ സമർത്ഥനപരമായ എഴുത്തുകളിൽ വേദവിപരീതികൾക്കെതിരെ വാളുയർത്തുന്നു.

പൗരസ്ത്യ സഭയുടെ യോഗാത്മകരായ ഈ അമൂല്യതാരങ്ങളെ ദൈവസന്നിധിയിൽ സ്മരിക്കുകയും നമ്മുടെ ദേവാലയത്തിന്റെ പ്രധാന കാവൽ പിതാവായ വി. മാർത്തോമ്മാ ശ്ലീഹായോട് ചേർന്ന് ഈ ധന്യരായ പിതാക്കന്മാരുടെയും മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കുകയും ചെയ്യാം.

എല്ലാവർക്കും പെരുന്നാൾ ആശംസകൾ

## നർമ്മധ്വനി

യൽദോ പെരുന്നാളിൽ ഉറക്കം തൂങ്ങി പഴയനിയമം വായിച്ച ഒരു ശുശ്രൂഷകൻ "അവധിക്കു സാറാ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു." കേട്ടുനിന്നവർ മൂക്കത്ത് വിരൽവച്ചുകൊണ്ട് "അത് ഏത് അവധിയ്ക്കാടാ."

## നസ്രാണിധ്വനി

(പൗരാണിക നസ്രാണിപദങ്ങളെ പരിചയപ്പെടുത്തുന്ന പംക്തി)

### ഇച്ചപ്പാട്

മലങ്കര നസ്രാണികളുടെ വിവാഹത്തിന്റെ തലേദിവസം വരന്റെ ഭവനത്തിലും വധുവിന്റെ ഭവനത്തിലും അത്താഴത്തിനു ശേഷം പ്രാർത്ഥന നടത്തി മധുരപലഹാരം നൽകുക പതിവുണ്ടായിരുന്നു. വെൺപാച്ചോറും ശർക്കരയും ഉപയോഗിച്ചു നിർമ്മിക്കുന്ന ഈ മധുര പലഹാരമാണ് ഇച്ചപ്പാട്. ഇച്ചപ്പാടുപോലെ വെണ്മയും മധുരവും നിറഞ്ഞതായിരിക്കണം വധൂവരന്മാരുടെ ദാമ്പത്യജീവിതം എന്നതാണ് ഈ ചടങ്ങിന്റെ പൊരുൾ.


**പെരുന്നാൾ ആശംസകൾ**



ജയന്ത് അബു ജേക്കബ്
&
വിനീത സാറാ ജേക്കബ്
കുരക്കവെയലിൽ



**ഉപകാരസ്മരണ**



ഗ്രേസി ജേക്കബ്
ആളോത്ത്


"മകനേ, നീ കർത്താവിനെ സേവിക്കാൻ ഒരുക്കമെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ തയ്യാറെടുത്തുകൊള്ളുക" (പ്രഭാഷകൻ 2:1)

# ‘സംരംഭകരാകുക, സമ്പന്നരാകുക’

### (വ്യവസായ സംരംഭക സെമിനാർ)

സൗത്ത് പാമ്പാടി: നമ്മുടെ നാടിന്റെ പുരോഗതിയും യുവജനങ്ങളുടെ ഉന്നമനത്തെയും ലക്ഷ്യമാക്കി കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം സൗത്ത് പാമ്പാടി യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ, 2009 നവംബർ 7 ശനിയാഴ്ച രാവിലെ 10 മണി മുതൽ പള്ളി ഹാളിൽ വച്ച് ഒരു ഏകദിന വ്യവസായ (സംരംഭക) സെമിനാർ സംഘടിപ്പിച്ചു. പാമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എ. എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അഡ്വ. വിമൽ രവി ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ടി. എ. കുഞ്ഞു മുഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. ഗ്രാമ പഞ്ചായത്ത് മെമ്പർ ഡോ. ശോശകുട്ടി ജേക്കബ്, ഇടവക വികാരി ഫാ. മാത്യു വർഗീസ് എന്നിവർ ആശംസകളർപ്പിച്ചു. താലൂക്ക് വ്യവസായ ഓഫീസർ റ്റി. ബി. രമണൻ സ്വാഗതവും, വ്യവസായ വികസന ഓഫീസർ നന്ദിയും പറഞ്ഞു.



സെമിനാറിൽ നമ്മുടെ മുമ്പിലുള്ള അവസരങ്ങളെയും പദ്ധതികളെയും കുറിച്ച് അതാതു രംഗത്തുള്ള വിദഗ്ദ്ധർ ക്ലാസ്സുകളെടുത്തു. “വ്യവസായ പദ്ധതികളും ബാങ്കുകളും വായ്പകളും” എന്ന വിഷയത്തെക്കുറിച്ച് എസ്.ബി.റ്റി.യുടെ റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ‘വ്യവസായ പദ്ധതികളെ’ക്കുറിച്ച് വ്യവസായ വാണിജ്യ വകുപ്പ് റിട്ടയേർഡ് ജോയിന്റ് ഡയറക്ടർ ബി. പ്രസന്നകുമാറും ‘അവസരങ്ങളും ആനുകൂല്യങ്ങളെയും’ കുറിച്ച് ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ എസ്. സുരേഷ് കുമാറും ക്ലാസ്സുകളെടുത്തു. ‘ഭക്ഷ്യോല്പന്ന നിർമ്മാണം’ എന്ന വിഷയത്തെകുറിച്ച് പഴവർഗ്ഗ സംരക്ഷണ കേന്ദ്രം ഡപ്യൂട്ടി മാനേജർ ജിജി റ്റി. ഏബ്രഹാം ക്ലാസ്സെടുത്തു. വ്യവസായ കേന്ദ്രം ഓഫീസർ സുരേഷ് ബാബു ‘വ്യവസായ സംരംഭം തുടങ്ങുവാനുള്ള അഭിരുചി ഉണ്ടോയെന്ന് എങ്ങനെ തിരിച്ചറിയാം’ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

ഇടവകയിലെ മർത്തമറിയം സമാജം (മോംസ്) അംഗങ്ങളുൾപ്പെടെ എൺപത്തഞ്ചോളം പേർ സെമിനാറിൽ പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്തവർക്കും നേതൃത്വം നല്കിയ വ്യവസായ കേന്ദ്രത്തിനും നന്ദി പറഞ്ഞുകൊണ്ട് ട്രസ്റ്റി ബാബു സഖറിയ സംസാരിച്ചു.

## പാമ്പാടി സെൻട്രൽ ഓർത്തഡോക്സ് കൺവൻഷൻ

പാമ്പാടി: പാമ്പാടിയിലും സമീപ പ്രദേശങ്ങളിലുമായി സ്ഥിതിചെയ്യുന്ന പള്ളികളുടെ സംയുക്താഭിമുഖ്യത്തിൽ പാമ്പാടി സെൻട്രൽ ഓർത്തഡോക്സ് കൺവൻഷൻ 2010 ഫെബ്രുവരി 14 മുതൽ 17 വരെയുള്ള ദിവസങ്ങളിൽ പാമ്പാടി എം. ജി. എം. സ്കൂൾ ജംഗ്ഷനിൽ വച്ച് നടത്തപ്പെടുന്നതാണ്. വിവിധ ഇടവക വികാരിമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികൾ പരിപാടികൾക്ക് നേതൃത്വം നല്കുന്നു.

## മാർത്തോമ്മാ ശ്ലീഹാ അനുസ്മരണം

സൗത്ത് പാമ്പാടി: ഇടവകയിലെ ഏഴ് വാർഡുകളിലെയും പ്രാർത്ഥനായോഗങ്ങളുടെ ഒരു സംയുക്ത യോഗവും മാർത്തോമ്മാ ശ്ലീഹാ അനുസ്മരണവും 2009 ഡിസംബർ 20-ന് കുരക്കവയലിൽ കെ. കെ. വർഗീസിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. സന്ധ്യാനമസ്കാരത്തിന് വികാരി ഫാ. മാത്യു വർഗീസ് നേതൃത്വം നല്കി. വെരി. റവ. തോമസ് പോൾ റമ്പാൻ (മാനേജർ, മൂവാറ്റുപുഴ അരമന) വചന പ്രഘോഷണം നിർവ്വഹിച്ചു.

# വിശുദ്ധ ഔഗേൻ

### കെ. ജെ. ഏബ്രഹാം, കല്ലുപുരയിൽ

പെരുമ്പാവൂരിനടുത്തുള്ള വെങ്ങോല തുരുത്തി ചേട്ടാകുളങ്ങര അബ്രഹാം കത്തനാരുടെ മകൻ മത്തായി ശെമ്മാശൻ ഉപരിപഠനത്തിനായി സിറിയയ്ക്കു പോയി. മദ്ധ്യപൂർവ്വ ദേശത്തു സ്ഥിതിചെയ്യുന്ന മാർ മത്തായിയുടെ ദയറാ, കുർക്കുമാ ദയറാ, യെറുശലേമിലെ മാർ ഔഗേന്റെ ദയറാ എന്നീ പുരാതന ദയറാകളിൽ താമസിച്ച് സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യം സമ്പാദിച്ചു. 4 വർഷം അദ്ദേഹം ദയറാകളിൽ താമസിച്ച് സുറിയാനി സഭയുടെ ആരാധന, സുറിയാനി ഭാഷ, വേദശാസ്ത്രം എന്നിവയിൽ അവഗാഹം നേടി. യെറുശലേമിലെ മാർ ഔഗേന്റെ ദയറായിൽ വച്ച് തന്റെ മത്തായി എന്നുള്ള പേരു മാറ്റി ഔഗേൻ എന്ന നാമം സ്വീകരിച്ചു (1908). നമ്മുടെ നാട്ടിൽ അപൂർവ്വമായി അറിയപ്പെടുന്ന ഒരു പേരാണല്ലോ ഔഗേൻ എന്നുള്ളത്. ഈ ഔഗേൻ ആരായിരുന്നു?

ഈജിപ്റ്റിലെ ക്ലിസ്മ എന്ന സ്ഥലത്ത് ജനിച്ച ഈ ഔഗേൻ 25 വർഷക്കാലം കടലിൽ മുങ്ങിത്തപ്പി മുത്തുച്ചിപ്പികൾ ശേഖരിച്ച് ദരിദ്രർക്ക് വിതരണം ചെയ്തുവന്നു. അദ്ദേഹത്തിന്റെ ജനനവർഷം അജ്ഞാതമാണ്. ഒരു മുക്കുവനായ അദ്ദേഹം ഈജിപ്റ്റിലെ സന്യാസശ്രേഷ്ഠനായ പക്കോമിയോസിന്റെ അടുക്കൽ ചെന്ന് സന്യാസ വസ്ത്രം സ്വീകരിച്ചു. സന്യാസിയായ ശേഷം മാർ ഔഗേൻ സിറിയയിൽ വന്ന് ഇസ്‌ല മലയിൽ ഒരു ആശ്രമം സ്ഥാപിച്ചു. സിറിയൻ സന്യാസപ്രസ്ഥാനത്തിന്റെ പിതാവായാണ് മാർ ഔഗേൻ അറിയപ്പെടുന്നത്. സിറിയയിൽ നിന്നും 70 സന്യാസിമാരോടൊത്ത് പേർഷ്യയിൽ വന്ന് വിവിധ ഭാഗങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ചു. പേർഷ്യൻ സഭയിലും സന്യാസപ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ച പിതാവാണ് മാർ ഔഗേൻ. താപസ്സശ്രേഷ്ഠനായ ഈ പിതാവിന്റെ ജീവിതചര്യകൾ മനസ്സിലാക്കിയാണ് മത്തായി ശെമ്മാശൻ ഔഗേൻ എന്ന പുണ്യനാമം സ്വീകരിച്ചത്. ഈ സന്യാസ ശ്രേഷ്ഠൻ എ. ഡി. 363-ൽ നിര്യാതനായി. അദ്ദേഹത്തിന്റെ ഓർമ്മ ജനുവരി 23-ന് സുറിയാനി സഭ ആചരിച്ചുവരുന്നു. മത്തായി ശെമ്മാശൻ ഔഗേൻ ശെമ്മാശനായി. പിന്നീട് ഔഗേൻ മാർ തീമോത്തിയോസ് എന്ന പേരിൽ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി. അതിനുശേഷം ബസേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ മലങ്കരയുടെ കാതോലിക്കായായി. 1975 ഡിസംബർ 8-ന് കാലം ചെയ്തു. ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കി. മാർ ഔഗേൻ സന്യാസശ്രേഷ്ഠന്റെയും പ. ഔഗേൻ ബാവായുടെയും പ്രാർത്ഥനകൾ നമുക്ക് കോട്ടയായിത്തീരട്ടെ.


**Wish You a Happy Married Life**





മാലത്തുതാഴെ പരേതനായ കുര്യൻ പൗലോസിന്റെ പുത്രൻ ഷിനോ പൗലോസും
ളാക്കാട്ടൂർ തിണ്ടിയത്തിൽ ടി. പി. ഏബ്രഹാമിന്റെ മകൾ ജിനി പി. ഏബ്രഹാമും

**Best Wishes... Dear & Near**

**ഉപകാരസ്മരണ**









**മള്ളിയിൽ കുടുംബം**

**വി. മാമോദീസാ ആശംസകൾ**



**Alvin Binoj Varghese**
**S/o Binoj Varghese & Suja Varghese**
Kulangara Vayalil
Best Wishes:
Appachan, Ammachi, Milan Achachan

**വി. മാമോദീസാ ആശംസകൾ**



**Joanne Maria Mathew**
**D/o Ruben & Asha**
Muthalathara House, Thripunithura
Best Wishes:
Iype Jacob & Susamma Jacob, Alothu

**ജന്മദിന ആശംസകൾ**

**Wish You a Happy Birthday**





രഹസ്യ, മഹത്ത്, സാഹസ്, മീവൽ

**Best Wishes... Chacko Malathu & Sosakkutty**


Published by Fr. Mathew Varghese on behalf of St. Thomas OCYM, South Pampady, Chief Editor Boby A. Chandy. Printed at Sophia Print House, Kottayam Mob: 99471 20697